
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 10 പേജുകൾ 45 ജനുവരി 2026




ലാവണ്യ മുല്ലശേരി

# ടി.ജി.രവി ജീവിതം പറയുന്നു

അഭിമുഖം ❖ ലേഖനം ❖ കഥ ❖ കവിത ❖ കാർട്ടൂൺ


JOS ALUKKAS
A TRADITION OF FINE JEWELLERY
ROUND EAST, THRISSUR. PH: 0487-2331812 | Shop online at josalukkas.com

# Editor's page:





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**പു**തു വർഷത്തിലെ ആദ്യ ലക്കം വായനാ സൗഹൃദവും ചിന്തോദ്ദീപകവുമായ രചനകളാൽ സമ്പന്നമാണ്. മുഖാമുഖം, ലേഖനം, കഥ, കവിത, കാർട്ടൂൺ എന്നിങ്ങനെ വ്യത്യസ്ത രചന രീതികൾ ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു.

തന്റെ അഭിനയ ജീവിതത്തിന്റെ പ്രാരംഭ കാലത്ത് നെഗറ്റീവ് കാരക്ടർ റോളുകൾ കൈകാര്യം ചെയ്തിരുന്ന ടി ജി രവിയുമായി ലാവണ്യ മുല്ലശ്ശേരി നടത്തിയ മുഖാമുഖം, പോയ അരനൂറ്റാണ്ടിന്റെ സിനിമാ നാടക പ്രവർത്തനങ്ങളുടെ ചില അറിയാ കാഴ്ചകളും വെളിപ്പെടുത്തുന്നു.

ഹൃദയസ്പർശിയായ കവിതകളാണ് ഈ ലക്കത്തിലെ മറ്റൊരു സവിശേഷത. പതിവുപോലെ ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയ രചനകളുണ്ട്. സൃഷ്ടികൾ പരമാവധി ഉൾപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും, ഓരോ ലക്കത്തിനും നിജപ്പെടുത്തിയിട്ടുള്ള പേജ് എണ്ണത്തിൽ ചിലത് ചേർക്കാൻ കഴിയാതാവുകയാണ്.

പോയ വർഷം മാസികയിൽ, പതിവു മുഖങ്ങളും പുതുമുഖങ്ങളും മികച്ച രചനകൾ അവതരിപ്പിച്ചിരുന്നു. ചിലരുടെ സൃഷ്ടികൾ പുസ്തക രൂപത്തിലും പുറത്തിറങ്ങി. മാസികയ്ക്ക് മികച്ച രചനകൾ സമ്മാനിച്ച പ്രിയപ്പെട്ട എഴുത്തുകാരോട്, തുടർന്നും എഴുതുന്നതിൽ മികച്ചതു തന്നെ മാസികയ്ക്ക് അയക്കണമെന്ന് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

മാസികയുടെ സ്പോൺസറായ ജോസ് ആലുക്കാസ് ജ്വല്ലറി ഗ്രൂപ്പിന്റെ സാരഥികളോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തട്ടെ. ഏവർക്കും പുതുവർഷത്തിന്റെ സ്നേഹനിലാവ് പകരുന്നു.

**സി ആർ രാജൻ**
**എഡിറ്റർ**



# അകത്താളുകളിൽ


## കഥ
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 19
ഹൃദയമില്ലാത്തൊരാൾ ........... പേജ് 36
ഉണ്ണി ഭാസുരി...................... പേജ് 38


## ലേഖനം
അശോകൻ സി.ജി .............. പേജ് 24
ബിനു വെളിയനാടൻ ........... പേജ് 40

## അഭിമുഖം
ടിജി രവി/ലാവണ്യ മുല്ലശ്ശേരി..... പേജ് 6

## കാർട്ടൂൺ
എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## കുട്ടികളുടെ മഷിപ്പച്ച
വര, കവിത ....................... പേജ് 42

## കവിത
മജീദ മുഹമ്മദ് അലി............. പേജ് 13
നുഷറ സി എച്ച് .................. പേജ് 14
ശ്രീജ വിജയൻ .................... പേജ് 15
ഹാജറ കെ.എം .................. പേജ് 16
ബഷീർ മുളിയവയൽ............ പേജ് 17
രാജൻ സിഎച്ച് ................... പേജ് 18
ഷഫീന സൈത്തൂൻ............ പേജ് 26
സെയ്തലവി വിളയൂർ .......... പേജ് 27
ഡോ. അജയ് നാരായണൻ ..... പേജ് 28
മഞ്ജു ഗണേഷ്................. പേജ് 30
നിമിഷ ............................. പേജ് 31
ഉഷ കെ........................... പേജ് 32
നിബിൻ കള്ളിക്കാട്............. പേജ് 33
രാജു കാഞ്ഞിരങ്ങാട്........... പേജ് 34
അഡ്വ. നളിനാക്ഷൻ ........... പേജ് 35

# കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ



# ടി.ജി. രവി ജീവിതം പറയുന്നു

**"സിനിമയിലെ വേഷം കണ്ട് എന്നെ ഭയപ്പെട്ട് സ്ത്രീകൾ ഓടിപ്പോകുന്ന സന്ദർഭങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. അത്തരം അനുഭവങ്ങൾ കാണുമ്പോൾ എന്നെ സംബന്ധിച്ച് അത് വലിയൊരു സന്തോഷമാണ് നൽകുന്നത്; അതിലൊട്ടും വിഷമം തോന്നിയിട്ടില്ല."**



**ടി ജി രവി/ലാവണ്യ മുല്ലശ്ശേരി**

മലയാള സിനിമയിലെ വില്ലൻ വേഷങ്ങളുടെ ചരിത്രത്തിൽ പകരക്കാരനില്ലാത്ത പേരാണ് ടി.ജി. രവിയുടേത്. യഥാർത്ഥ പേര് ടി.ജി. രവീന്ദ്രനാഥൻ. 1944 മെയ് 16-ന് തൃശൂരിലെ മൂർക്കനിക്കരയിൽ ജനിച്ച അദ്ദേഹം 1969-ൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദം കരസ്ഥമാക്കി. 1970-80 കാലഘട്ടങ്ങളിൽ ബാലൻ കെ. നായരോടൊപ്പം ശക്തമായ നെഗറ്റീവ് റോളുകളിലൂടെ വലിയ സ്വീകാര്യത നേടിയ അദ്ദേഹം, 'ആവനാഴി', 'ഇരുപതാം നൂറ്റാണ്ട്', 'ധ്രുവം', 'ആര്യൻ', 'ദേവാസുരം' തുടങ്ങിയ ചിത്രങ്ങളിലെ അവിസ്മരണീയമായ വില്ലൻ കഥാപാത്രങ്ങളിലൂടെ ശ്രദ്ധേയനായി. പിന്നീട് സ്വഭാവനടനായി മാറി മലയാളി മനസ്സുകളിൽ ആർദ്രത നിറച്ച ഈ മുതിർന്ന നടൻ ഒരു മികച്ച ബിസിനസ്സുകാരൻ കൂടിയാണ്. തന്റെ സിനിമാ യാത്രയെക്കുറിച്ചും ജീവിതവീക്ഷണങ്ങളെക്കുറിച്ചും അദ്ദേഹം ഈ അഭിമുഖത്തിൽ മനസ്സ് തുറക്കുന്നു.

**1. ചോദ്യം:** മലയാള സിനിമയിലെ ഒരു കാലത്തെ ഏറ്റവും ക്രൂരനായ വില്ലൻ; എന്നാൽ ഇന്ന് പ്രേക്ഷകർ നിങ്ങളെ ഹൃദയത്തോട് ചേർക്കുന്നത് സങ്കടപ്പെടുത്തുന്ന അച്ഛൻ വേഷങ്ങളിലൂടെയും ഗൗരവമുള്ള ക്യാരക്ടർ റോളുകളിലൂടെയുമാണ്. ഈ ഭാവമാറ്റം ഒരു നടൻ എന്ന നിലയിൽ താങ്കൾക്ക് എത്രത്തോളം വെല്ലുവിളിയായിരുന്നു?

✪**ടി.ജി. രവി:** 'സത്യം പറഞ്ഞാൽ എനിക്കിതൊട്ടും വെല്ലുവിളിയായി തോന്നിയിട്ടില്ല. കാരണം, ഇതൊരു വെല്ലുവിളിയായി തോന്നിയിരുന്നുവെങ്കിൽ ഞാൻ ഒരു കലാകാരനല്ലാതായിരിക്കണം. കഴിഞ്ഞ 50 വർഷമായി ഞാൻ ഈ സിനിമ ലോകത്തുണ്ട്. ആ നീണ്ട കാലത്തെ പരിചയസമ്പത്ത് വെച്ച് എന്നെത്തന്നെ ഒന്ന് വിലയിരുത്തിയാൽ, ഞാനൊരു യഥാർത്ഥ ആർട്ടിസ്റ്റാണ് എന്ന കാര്യത്തിൽ എനിക്ക് ഒട്ടും സംശയമില്ല. മാറ്റങ്ങൾ ഉൾക്കൊള്ളുക എന്നത് ഒരു നടന്റെ ധർമ്മമാണ്.'

**2. ചോദ്യം:** പഴയകാലത്തെ സിനിമാ ചിത്രീകരണ രീതിയും ഇന്നത്തെ സാങ്കേതികമായി വളർന്ന സിനിമാ രീതിയും തമ്മിലുള്ള പ്രധാന മാറ്റമായി താങ്കൾക്ക് തോന്നുന്നത് എന്താണ്?

✪ **ടി.ജി. രവി:** 'സിനിമയിൽ ഇന്ന് വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. സാങ്കേതിക വിദ്യയുടെ വളർച്ച എടുത്തു പറയേണ്ട ഒന്നാണ്. പണ്ട് ഇതുപോലെ ഒരു അഭിമുഖം നടത്താൻ പോലും വലിയ പ്രയാസമായിരുന്നു; ഒരുപാട് ലൈറ്റുകൾ അറേഞ്ച് ചെയ്യണമായിരുന്നു. അന്ന് ഫിലിമിലായിരുന്നു ഷൂട്ട് ചെയ്തിരുന്നത്, അത് വളരെ ചിലവേറിയ ഒന്നായിരുന്നു. അതുകൊണ്ട് തന്നെ തെറ്റുകൾ പറ്റാതിരിക്കാൻ ഒരുപാട് റിഹേഴ്സലുകൾ ആവശ്യമായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല, റിഹേഴ്സലുകൾക്ക് പഴയ പോലെ അധികം പ്രാധാന്യമില്ല. പലപ്പോഴും ആദ്യ ഷോട്ട് തന്നെയാണ് ഏറ്റവും സ്വാഭാവികമായി (Natural) വരുന്നത്. സാങ്കേതികമായ വളർച്ച എപ്പോഴും നമ്മുടെ സൗകര്യത്തിന് വേണ്ടിയുള്ളതാണല്ലോ, അതുകൊണ്ട് തന്നെ ഇന്നത്തെ ചിത്രീകരണ രീതി കൂടുതൽ സൗകര്യപ്രദമാണ്.'

**3. ചോദ്യം:** സിനിമയും സമൂഹവും എപ്പോഴും പരസ്പരബന്ധിതമാണല്ലോ. പഴയകാല സംവിധായകരിൽ നിന്നും ഇന്നത്തെ യുവതലമുറയിലേക്ക് എത്തുമ്പോൾ, സിനിമയോടുള്ള സമീപനത്തിലും രീതികളിലും വന്ന മാറ്റങ്ങളെ താങ്കൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?

✪ **ടി.ജി. രവി:** 'തീർച്ചയായും വലിയ മാറ്റങ്ങളുണ്ട്. പഴയകാലത്തെ സംവിധായകർ അന്നത്തെ സാമൂഹിക സാഹചര്യങ്ങളോടും രീതികളോടും യോജിച്ചു പോയവരാണ്. സിനിമ എന്നും സമൂഹവുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന ഒന്നായതുകൊണ്ട് തന്നെ, സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ സിനിമയിലും പ്രതിഫലിക്കും. ഓരോ കാലഘട്ടത്തിനും അതിന്റേതായ മിടുക്കന്മാരുണ്ട്. പഴയകാലത്ത് മികച്ച കലാകാരന്മാർ ഉണ്ടായിരുന്നതുപോലെ തന്നെ, ഇന്നത്തെ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന മിടുക്കരായ കുട്ടികൾ ഇന്നു സിനിമയിലുണ്ട്. എല്ലാ മേഖലകളിലുമെന്നപോലെ, പുതിയ കാലത്തിനൊത്ത പ്രതിഭകൾ സിനിമയിലും കടന്നുവരുന്നു എന്നത് സ്വാഭാവികമായ ഒരു പരിണാമമാണ്.'

**4. ചോദ്യം:** തിരക്കുള്ള ഒരു എഞ്ചിനീയറും ബിസിനസുകാരനുമായിരിക്കെ തന്നെ

**ജീവിതത്തിൽ ഉയർച്ചതാഴ്ചകൾ വളരെ പ്രധാനമാണ്" എന്നതാണത്. കാരണം, ഒരു ഇ.സി.ജി. (ECG) എടുത്തു നോക്കിയാൽ അതിലൊരു സ്ട്രൈറ്റ് ലൈൻ തെളിയുന്നത് നമ്മൾ ജീവനില്ലാത്തവരാണ് എന്നാണ് അർത്ഥമാക്കുന്നത്. നമുക്ക് ഒരിക്കലും ഒരു സ്ട്രൈറ്റ് ലൈനിലൂടെ മാത്രം മുന്നോട്ട് പോകാനാവില്ല. നമ്മൾ എപ്പോഴും ഓടിക്കൊണ്ടിരിക്കണം, അതിനിടയ്ക്ക് താഴ്ചകളും ഉണ്ടാവാം.**

സിനിമയിലെ തിരക്കുകൾ കൂടി ബാലൻസ് ചെയ്യാൻ താങ്കൾക്ക് എങ്ങനെയാണ് സാധിച്ചത്? സിനിമയിലായിരിക്കുമ്പോൾ ബിസിനസ് കാര്യങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്തിരുന്നത്?

✪ **ടി.ജി. രവി:** 'അവിടെ എനിക്കുണ്ടായിരുന്ന ഏറ്റവും വലിയ സൗകര്യം ബിസിനസ്സ് എന്റെ സ്വന്തം പണിയായിരുന്നു എന്നതാണ്. അതുകൊണ്ട് തന്നെ കാര്യങ്ങൾ ക്രമീകരിക്കാൻ എനിക്ക് സാധിക്കുമായിരുന്നു. ഫാക്ടറിയും അനുബന്ധ കാര്യങ്ങളും നോക്കിനടത്താൻ എനിക്ക് പ്രാപ്തരായ ജോലിക്കാരുണ്ടായിരുന്നു. അതിലുപരിയായി, പല കാര്യങ്ങളും മാനേജ് ചെയ്യാൻ എന്റെ ഭാര്യ കൂടെയുണ്ടായിരുന്നു. ഞാൻ സിനിമയുടെ തിരക്കുകളിലേക്ക് മാറുന്ന സമയത്തെല്ലാം കാര്യങ്ങൾ കൃത്യമായി ശ്രദ്ധിക്കാൻ ഭാര്യ ഒപ്പമുണ്ടായിരുന്നു എന്നതാണ് വലിയ ആശ്വാസമായത്.'

**5. ചോദ്യം:** സിനിമയിൽ തിരക്കുള്ള വില്ലൻ വേഷങ്ങളിൽ തിളങ്ങിനിൽക്കുന്ന സമയത്താണ് താങ്കൾ ബിസിനസ്സിലേക്ക് കൂടുതൽ ശ്രദ്ധ നൽകാനായി ഒരു വലിയ ഇടവേള എടുക്കുന്നത്. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ആ തീരുമാനത്തെ എങ്ങനെ കാണുന്നു?

✪ **ടി.ജി. രവി:** 'ആ തീരുമാനത്തിൽ തെറ്റൊന്നുമില്ലെന്നാണ് എനിക്ക് ഇപ്പോഴും തോന്നുന്നത്. സിനിമയിൽ വലിയ തിരക്കുള്ള ഒരു കാലഘട്ടമായിരുന്നു അത്. എന്നാൽ മറുഭാഗത്ത് എന്റെ വ്യവസായം എനിക്ക് ഉപേക്ഷിക്കാൻ കഴിയുമായിരുന്നില്ല. ഞാനില്ലാതെ ആ സ്ഥാപനം മുന്നോട്ട് കൊണ്ടു



പോകാൻ ബുദ്ധിമുട്ടാണെന്ന് വന്നപ്പോൾ അത് എന്റെ മാത്രം പ്രശ്നമല്ലായിരുന്നു; അവിടെ ജോലി ചെയ്യുന്ന ഒരുപാട് തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും കൂടി പ്രശ്നമായിരുന്നു. അവരുടെ ജീവിതം സുരക്ഷിതമാക്കുക എന്നത് എന്റെ ഉത്തരവാദിത്തമായി ഞാൻ കണ്ടു. അതുകൊണ്ടാണ് താൽക്കാലികമായി സിനിമയിൽ നിന്ന് വിട്ടുനിന്ന് ബിസിനസ് കാര്യങ്ങളെല്ലാം ഒരു നിലയ്ക്കാക്കി കൊടുക്കാൻ ഞാൻ തീരുമാനിച്ചത്. എല്ലാം ശരിയാക്കിയ ശേഷം സിനിമയിലേക്ക് തന്നെ തിരിച്ചുവരുമെന്ന് ഉറപ്പിച്ചു തന്നെയാണ് അന്ന് മടങ്ങിയത്.'

**6. ചോദ്യം:** മകൻ ശ്രീജിത്ത് രവിയും മലയാള സിനിമയിൽ സജീവമാണ്. ഒരു നടൻ എന്ന നിലയിൽ മകന്റെ വളർച്ചയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു? നിങ്ങൾ തമ്മിൽ വീട്ടിൽ സിനിമ ചർച്ച ചെയ്യാറുണ്ടോ?

✪**ടി.ജി. രവി:** 'വീട്ടിൽ സിനിമ ചർച്ച ചെയ്യാറില്ല. വീട്ടിൽ വീട്ടിലെ കാര്യങ്ങൾ മാത്രമേ ഉള്ളൂ. ഒരു അച്ഛൻ എന്ന നിലയിൽ മകൻ എത്ര നന്നായി ചെയ്താലും അത് പോരാ എന്ന് തന്നെയാകും എനിക്ക് തോന്നുക. മകന്റെ പ്രകടനം കണ്ട് അത് പൂർണ്ണമായും നന്നായി എന്ന് വിലയിരുത്താൻ ഒരു അച്ഛന് സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.'

**7. ചോദ്യം:** ദീർഘകാലത്തെ സിനിമാജീവിതത്തിൽ നിന്നും പൊതുജീവിതത്തിൽ നിന്നും താങ്കൾ പഠിച്ച ഏറ്റവും വലിയ പാഠം എന്താണ്? സിനിമ താങ്കളെ ഒരു വ്യക്തി എന്ന നിലയിൽ എങ്ങനെയാണ് സ്വാധീനിച്ചത്?

✪**ടി.ജി. രവി:** 'സമൂഹത്തിൽ ഉള്ളതിനപ്പുറം വലിയ പാഠങ്ങളൊന്നും സിനിമയിൽ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് തന്നെ സിനിമയിൽ നിന്ന് മാത്രമായി പ്രത്യേകിച്ച് ഒരു പാഠവും എനിക്ക് പഠിക്കാനില്ല. എന്നാൽ സിനിമ എനിക്ക് നൽകിയ വലിയൊരു സൗകര്യം, വിവിധ തരത്തിലുള്ള ഒരുപാട് മനുഷ്യരെ പരിചയപ്പെടാനും അവരുമായി നല്ല സൗഹൃദങ്ങൾ ഉണ്ടാക്കാനും സാധിച്ചു എന്നതാണ്. ഈ ലോകത്തെയും ഇവിടുത്തെ മനുഷ്യരെയും കൂടുതൽ അടുത്തറിയാൻ സിനിമ എനിക്ക് വലിയ അവസരങ്ങൾ നൽകിയിട്ടുണ്ട്.'

**8. ചോദ്യം:** പഴയകാലത്ത് താങ്കൾ അവതരിപ്പിച്ച വില്ലൻ വേഷങ്ങൾ അത്രമേൽ തീവ്രമായിരുന്നു. ആ കഥാപാത്രങ്ങൾ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയ വെറുപ്പ് വ്യക്തിജീവിതത്തിൽ എപ്പോഴെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ടോ? അതോ അതൊരു നടന്റെ വിജയമായിട്ടാണോ താങ്കൾ കാണുന്നത്?

**ഇന്നത്തെ തലമുറ കലയിൽ നിന്നും സിനിമയിൽ നിന്നും ആഗ്രഹിക്കുന്നത് ഒരു 'റിലാക്സേഷൻ' ആണ്. അന്നത്തെ കാലം മാറ്റങ്ങളുടേതായിരുന്നു എങ്കിൽ, ഇന്നത്തെ കാലം വിശ്രമത്തിന്റേതാണ്. ആ മാറ്റമാണ് സിനിമയിലും പ്രതിഫലിക്കുന്നത്.'**

✪**ടി.ജി. രവി:** 'വ്യക്തിജീവിതത്തിൽ അത് എനിക്കൊരിക്കലും ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടില്ല. പകരം, ജനങ്ങളിൽ നിന്നുള്ള അത്തരം പ്രതികരണങ്ങൾ കാണുമ്പോൾ എനിക്ക് സന്തോഷമാണ് തോന്നിയിട്ടുള്ളത്. കാരണം, ഒരു ആർട്ടിസ്റ്റ് എന്ന നിലയിൽ അത് എന്റെ പ്രകടനത്തിന്റെ വിജയമാണ



ല്ലോ. സിനിമയിലെ വേഷം കണ്ട് എന്നെ ഭയപ്പെട്ട് സ്ത്രീകൾ ഓടിപ്പോകുന്ന സന്ദർഭങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. അത്തരം അനുഭവങ്ങൾ കാണുമ്പോൾ എന്നെ സംബന്ധിച്ച് അത് വലിയൊരു സന്തോഷമാണ് നൽകുന്നത്; അതിലൊട്ടും വിഷമം തോന്നിയിട്ടില്ല.'

**9. ചോദ്യം:** സിനിമയിലെ സാങ്കേതികതയും ശൈലിയും ഒരുപാട് മാറി. എന്നാൽ ഒരു നടൻ എന്ന നിലയിൽ താങ്കൾ ഇന്നും മുറുകെ പിടിക്കുന്ന, കാലഹരണപ്പെടാത്ത ചില അഭിനയ തത്വങ്ങൾ എന്തൊക്കെയാണ്?

✪ **ടി.ജി. രവി:** 'അഭിനയിക്കാൻ പ്രത്യേകിച്ച് ഒരു തത്വമുള്ളതായി എനിക്ക് തോന്നുന്നില്ല. പണ്ടത്തെ അഭിനയത്തിന് നാടകവുമായി ചെറിയൊരു ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അന്ന് കുറച്ചുകൂടി പ്രകടമായ അഭിനയം ആവശ്യമായിരുന്നു. എന്നാൽ ഇന്ന് 'അഭിനയിക്കരുത്', സാധാരണ സംസാരിക്കുന്നതുപോലെ പെരുമാറിയാൽ മതി എന്നാണ് പറയപ്പെടുന്നത്. എങ്കിലും അക്കാലത്തും അഭിനയം സ്വാഭാവികമാക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. ഉദാഹരണത്തിന് സത്യൻ മാഷിന്റെ കാര്യം തന്നെ എടുക്കാം. അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജും അഭിനയശൈലിയും പല സന്ദർഭങ്ങളിലും അങ്ങേയറ്റം സ്വാഭാവികമായിരുന്നു. 'നീലക്കുയിൽ' എന്ന സിനിമയിൽ കുളികഴിഞ്ഞ് വരുന്ന ഒരു രംഗമുണ്ട്; അത് ശ്രദ്ധിച്ചാൽ അദ്ദേഹം എത്രത്തോളം നാച്ചുറലായാണ് അഭിനയിച്ചിരുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.'

**10. ചോദ്യം:** സിനിമയിലായാലും ബിസിനസ്സിലായാലും ഉയർച്ചതാഴ്ചകൾ സ്വാഭാവികമാണല്ലോ. വലിയൊരു തകർച്ചയോ പ്രതിസന്ധിയോ നേരിട്ടപ്പോൾ താങ്കളെ മുന്നോട്ടു നയിച്ച ചിന്താഗതി എന്തായിരുന്നു?

✪ **ടി.ജി. രവി:** 'രത്തൻ ടാറ്റ പറഞ്ഞ ഒരു സംഗതി എന്റെ മനസ്സിൽ വല്ലാതെ ശക്തമായി കിടക്കുന്നുണ്ട്; 'ജീവിതത്തിൽ ഉയർച്ചതാഴ്ചകൾ വളരെ പ്രധാനമാണ്' എന്നതാണത്. കാരണം, ഒരു ഇ.സി.ജി. (ECG) എടുത്തു നോക്കിയാൽ അതിലൊരു സ്ട്രൈറ്റ് ലൈൻ തെളിയുന്നത് നമ്മൾ ജീവനില്ലാത്തവരാണ് എന്നാണ് അർത്ഥമാക്കുന്നത്. നമുക്ക് ഒരിക്കലും ഒരു സ്ട്രൈറ്റ് ലൈനിലൂടെ മാത്രം മുന്നോട്ട് പോകാനാവില്ല. നമ്മൾ എപ്പോഴും ഓടിക്കൊണ്ടിരിക്കണം, അതിനിടയ്ക്ക് താഴ്ചകളും ഉണ്ടാവാം. ആ താഴ്ചയിൽ നിന്ന് ഉയർന്നു വരാൻ നമ്മൾ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. ആ ശ്രമമില്ലെങ്കിൽ ജീവനില്ല എന്ന് തന്നെയാണ് അതിനർത്ഥം. ജീവിതമാകുമ്പോൾ ഉയർച്ചയും താഴ്ചയും ഉണ്ടാവും, അത് ഉണ്ടാവാതിരിക്കില്ലല്ലോ.'

**11. ചോദ്യം:** ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം വീണ്ടും ക്യാമറയ്ക്ക് മുന്നിലെത്തിയപ്പോൾ, അന്നത്തെ സിനിമയും ഇന്നത്തെ രീതികളും തമ്മിൽ എങ്ങനെയാണ് താങ്കൾ പൊരുത്തപ്പെട്ടത്? ഈ തിരിച്ചുവരവിൽ ചെറിയൊരു ഭയമെങ്കിലും തോന്നിയിരുന്നോ?

✪ **ടി.ജി. രവി:** 'സത്യത്തിൽ ഞാൻ നീണ്ട ഒരു കാലമൊന്നും സിനിമയിൽ നിന്ന് പൂർണ്ണമായി വിട്ടുനിന്നിട്ടില്ല. അതുകൊണ്ട് തന്നെ വലിയൊരു മാറ്റം എനിക്ക് അനുഭവപ്പെട്ടിട്ടില്ല. പഴയ സിനിമയുടെ രീതികളിൽ നിന്ന് ഇപ്പോഴത്തെ സിനിമയിലേക്ക് പൊരുത്തപ്പെടാൻ എനിക്ക് ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിരുന്നില്ല എന്നതാണ് സത്യം. സിനിമയുമായുള്ള ആ ഒരു അടുപ്പം എപ്പോഴും നിലനിന്നിരുന്നതുകൊണ്ട് തിരിച്ചുവര

വിൽ ഭയമോ ആശങ്കയോ ഒട്ടും തന്നെ ഉണ്ടായിരുന്നില്ല.'

**12. ചോദ്യം:** പഴയകാല സിനിമകൾക്കും കലകൾക്കും ശക്തമായ സാമൂഹിക പ്രതിബദ്ധത ഉണ്ടായിരുന്നു എന്ന് പറയാറുണ്ട്. എന്നാൽ ഇന്നത്തെ സിനിമകൾ വെറും വിനോദോപാധികൾ (Entertainment) മാത്രമായി മാറുന്നുണ്ടോ? ഒരു കലാകാരൻ എന്ന നിലയിൽ ഈ മാറ്റത്തെ താങ്കൾ എങ്ങനെയാണ് കാണുന്നത്?

✪**ടി.ജി. രവി:** 'പഴയകാല കലകൾക്ക് വ്യക്തമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. തിരുത്തലുകൾ ആവശ്യമായ ഒരു സമൂഹമായിരുന്നു അന്നത്തേത്. ആ മാറ്റങ്ങൾ ജനനന്മയ്ക്കായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതായിരുന്നു അന്നത്തെ കലാകാരന്മാരുടെ ചിന്ത. കെ.പി.എ.സിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' പോലുള്ള നാടകങ്ങൾ ജനങ്ങളെ വിപ്ലവത്തിലേക്ക് നയിച്ചത് ഉദാഹരണമാണ്. തോപ്പിൽ ഭാസിയെപ്പോലെയുള്ളവർ ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളാണ് തങ്ങളുടെ രചനകളിൽ കൊണ്ടുവന്നത്. നമ്മുടെ സാമൂഹിക വ്യവസ്ഥിതിയിൽ കല വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇന്ന് കാലം മാറി, ജീവിതം വളരെ വേഗതയുള്ളതായി. മനുഷ്യർക്ക് സ്വന്തം ജീവിതത്തിനിടയിൽ ഒന്ന് വിശ്രമിക്കാൻ പോലും സമയമില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് തന്നെ, ഇന്നത്തെ തലമുറ കലയിൽ നിന്നും സിനിമയിൽ നിന്നും ആഗ്രഹിക്കുന്നത് ഒരു 'റിലാക്സേഷൻ' ആണ്. അന്നത്തെ കാലം മാറ്റങ്ങളുടേതായിരുന്നു എങ്കിൽ, ഇന്നത്തെ കാലം വിശ്രമത്തിന്റേതാണ്. ആ മാറ്റമാണ് സിനിമയിലും പ്രതിഫലിക്കുന്നത്.'

**13. ചോദ്യം:** താങ്കളുടെ സംസാരത്തിലും ജീവിതത്തിലും തൃശൂരിന് വലിയൊരു സ്ഥാനമുണ്ടല്ലോ. തൃശൂരിലെ മണ്ണും ഇവിടുത്തെ മനുഷ്യരും താങ്കളിലെ കലാകാരനെ രൂപപ്പെടുത്തുന്നതിൽ എത്രത്തോളം പങ്കുവഹിച്ചിട്ടുണ്ട്?

✪**ടി.ജി. രവി:** 'തൃശൂർ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണെന്ന് വെറുതെ പറയുന്നതല്ല. കലയെയും കലാകാരന്മാരെയും അത്രമേൽ സ്നേഹിക്കുകയും ചേർത്തുപിടിക്കുകയും ചെയ്യുന്ന ഒരു മണ്ണാണിത്. ആ അന്തരീക്ഷം തീർച്ചയായും എന്നെ സ്വാധീനിച്ചിട്ടുണ്ട്.'

**14. ചോദ്യം:** ഇത്രയും വർഷത്തെ അഭിനയജീവിതത്തിനിടയിൽ വൈവിധ്യമാർന്ന ഒട്ടേറെ വേഷങ്ങൾ താങ്കൾ ചെയ്തു കഴിഞ്ഞു. എങ്കിലും, 'ഇനി ഇങ്ങനെയൊരു വേഷം കൂടി ചെയ്യണം' എന്ന് തോന്നിപ്പിക്കുന്ന ഏതെങ്കിലും സ്വപ്നവേഷം മനസ്സിൽ ബാക്കിയുണ്ടോ?

✪**ടി.ജി. രവി:** 'തമാശയായി പറയുകയാണെങ്കിൽ, എനിക്ക് വലിയൊരു 'കാമദേവ



നായി' അഭിനയിക്കണമെന്നാണ് ആഗ്രഹം (ചിരിക്കുന്നു). എന്നാൽ ഗൗരവമായി ചിന്തിച്ചാൽ, ചരിത്രപരമായ കഥാപാത്രങ്ങൾ (Historical Characters) ചെയ്യുമ്പോഴാണ് അത് മനസ്സിൽ എന്നും നിലനിൽക്കുന്നതായി എനിക്ക് തോന്നിയിട്ടുള്ളത്. അത്തരത്തിൽ ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ വന്ന ഒന്നായിരുന്നു 'വാര്യംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി'യുടെ വേഷം. ആ കഥാപാത്രം ജനമനസ്സുകളിൽ എത്രത്തോളം പതിഞ്ഞിട്ടുണ്ടെന്ന് ഞാൻ ഇന്നും അത്ഭുതത്തോടെ

തിരിച്ചറിയാറുണ്ട്. ഇന്നും മലപ്പുറത്ത് ചെല്ലുമ്പോൾ പഴയ തലമുറയിലുള്ളവർ എന്നെ കാണുന്നത് വാര്യംകുന്നത്തായാണ്. ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരമാണത്.'

**15. ചോദ്യം:** പുതിയ തലമുറയിലെ കലാകാരന്മാർക്ക് അഭിനയത്തെക്കുറിച്ചല്ല, മറിച്ച് ജീവിതത്തെക്കുറിച്ച് നൽകാൻ ആഗ്രഹിക്കുന്ന ഏറ്റവും വലിയ ഉപദേശം എന്തായിരിക്കും?

✪**ടി.ജി. രവി:** 'നമ്മൾ ലക്ഷ്യമിടുന്ന ഇടത്തേക്ക് എത്തിച്ചേരാൻ കുറുക്കുവഴികളില്ല. കഠിനാധ്വാനം ചെയ്യുക എന്നത് തന്നെയാണ് ഏക മാർക്ഷം. പരാജയപ്പെടാതെ ഒരിടത്ത് എത്തിനിൽക്കണമെങ്കിൽ ആത്മാർത്ഥമായി പണിയെടുത്തേ മതിയാകൂ. വിജയം എന്നത് ഭാഗ്യം കൊണ്ട് മാത്രം കിട്ടുന്ന ഒന്നല്ല, അത് നിരന്തരമായ അധ്വാനത്തിന്റെ ഫലമാണ്. അതുകൊണ്ട് എപ്പോഴും കഠിനാധ്വാനത്തിൽ വിശ്വസിക്കുക, ഷോർട്ട്കട്ടുകൾക്ക് പിന്നാലെ പോകാതിരിക്കുക.'

**16. ചോദ്യം:** ഒരു നടൻ എന്ന നിലയിലുള്ള താങ്കളുടെ പ്രശസ്തിയും സിനിമയിലെ അനുഭവങ്ങളും ബിസിനസ്സ് രംഗത്ത് താങ്കൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ട്?

✪**ടി.ജി. രവി:** 'തീർച്ചയായും, സിനിമ എനിക്ക് ബിസിനസ്സിൽ വലിയൊരു സഹായമായിട്ടുണ്ട്. പ്രധാനമായും മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി പുറത്തുപോകുമ്പോൾ എന്നെ ആർക്കും പ്രത്യേകമായി പരിചയപ്പെടുത്തേണ്ടി വന്നിട്ടില്ല. സിനിമയിലൂടെ എല്ലാവർക്കും ഞാൻ നേരത്തെ തന്നെ പരിചിതനായതുകൊണ്ട് ആളുകളുമായി പെട്ടെന്ന് ബന്ധം സ്ഥാപിക്കാൻ അത് സഹായിച്ചു. മറ്റൊന്ന്, വൈവിധ്യമുള്ള മനുഷ്യരോട് എങ്ങനെ സംസാരിക്കണം, എങ്ങനെ ഇടപെടണം എന്നൊക്കെ ഞാൻ പഠിച്ചത് സിനിമയിൽ നിന്നാണ്.'

**17. ചോദ്യം:** താങ്കൾ ഒരു ക്വാളിഫൈഡ് എൻജിനീയറാണ്, ഒപ്പം വിജയകരമായ ഒരു ബിസിനസുകാരനും. സിനിമ എന്ന മായലോകം താങ്കളെ വിളിച്ചില്ലായിരുന്നെങ്കിൽ, ഒരുപക്ഷേ രാജ്യം അറിയപ്പെടുന്ന ഒരു വലിയ ഇൻഡസ്ട്രിയലിസ്റ്റായി താങ്കൾ മാറുമായിരുന്നു എന്ന് തോന്നിയിട്ടുണ്ടോ?

✪**ടി.ജി. രവി:** 'സത്യത്തിൽ അങ്ങനെയൊരു ചിന്തയുടെ ആവശ്യം എനിക്ക് വന്നിട്ടില്ല. അന്നത്തെ കാലത്ത് ജോലി കിട്ടാൻ വലിയ ബുദ്ധിമുട്ടുള്ള സാഹചര്യമായിരുന്നു. തൃശൂരിൽ നിന്ന് പുറത്തുപോയി വലിയ രീതിയിൽ പണം സമ്പാദിക്കാൻ എനിക്കും അവസരങ്ങളുണ്ടായിരുന്നു. പക്ഷേ, എന്റെ ചുറ്റുമുള്ള ഒരുപാട് ചെറുപ്പക്കാർ തൊഴിലില്ലാതെ നിൽക്കുന്നത് കണ്ടപ്പോൾ ഞാൻ ചിന്തിച്ചത് മറ്റൊന്നാണ്. പത്തുപേർക്കെങ്കിലും ജോലി നൽകാൻ സാധിക്കുമല്ലോ എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ആ സ്ഥാപനം പിന്നീട് നൂറിലധികം തൊഴിലാളികളുള്ള ഒരു വലിയ വ്യവസായമായി വളരുകയായിരുന്നു. വലിയ വ്യവസായി ആകുന്നതിനേക്കാൾ സന്തോഷം എനിക്ക് നൽകിയത് ആ തീരുമാനമാണ്.'

**18. ചോദ്യം:** സിനിമയെ പലരും ഒരു അസ്ഥിരമായ മേഖലയായി കണ്ടിരുന്ന കാലത്താണ് ഒരു എഞ്ചിനീയറിംഗ് ബിരുദധാരിയായ താങ്കൾ ഈ രംഗത്തേക്ക് വരുന്നത്. അന്ന് വീട്ടുകാരുടെ പ്രതികരണം എങ്ങനെയായിരുന്നു? പ്രത്യേകിച്ച് ഡോക്ടറായ താങ്കളുടെ ഭാര്യയിൽ നിന്ന് ലഭിച്ച പിന്തുണയെക്കുറിച്ച്?



✪ **ടി.ജി. രവി:** 'അന്നത്തെ കാലഘട്ടത്തിൽ എന്റെ അഭിപ്രായങ്ങൾ പറയാനും ഒപ്പം നിൽക്കാനും ഭാര്യ തന്നെയായിരുന്നു കൂടെയുണ്ടായിരുന്നത്. എന്റെ ആദ്യ സിനിമ പുറത്തിറങ്ങുന്നതിന് മുൻപ് തന്നെ അച്ഛൻ മരിച്ചിരുന്നു. എന്റെ സിനിമയിലെ കഥാപാത്രങ്ങളെടുത്താൽ അവയൊന്നും ഒരു ഭാര്യയ്ക്കും സന്തോഷം നൽകുന്നവ ആയിരുന്നില്ല. പക്ഷേ, ഞാനും എന്റെ ഭാര്യയും 12 വയസ്സുമുതൽ പരസ്പരം അറിയുന്നവരാണ്; ആ സ്നേഹബന്ധമാണ് പിന്നീട് പ്രണയമായി മാറിയത്. ഞാൻ അവരോട് പറഞ്ഞിരുന്നു: 'ഞാൻ ചെയ്യുന്ന കഥാപാത്രങ്ങൾ കാരണം നിന്റെ മനസ്സിൽ വിഷമമുണ്ടാകുന്നു എന്ന് തോന്നിയാൽ, അന്ന് പറഞ്ഞാൽ മതി, ഞാൻ അഭിനയം നിർത്തും'. പക്ഷേ, ഇന്നുവരെ അവൾ അങ്ങനെ പറഞ്ഞില്ല.'

**19. ചോദ്യം:** 'വർഷം', 'മാളികപ്പുറം' തുടങ്ങിയ സിനിമകളിൽ താങ്കൾ ചെയ്ത വൈകാരികമായ വേഷങ്ങളിൽ കണ്ണുകൾ കൊണ്ട് സംസാരിക്കുന്ന ഒരു ശൈലി പ്രേക്ഷകർ കണ്ടു. ഇതിനെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?

✪ **ടി.ജി. രവി:** 'അഭിനയം പഠിച്ചെടുക്കാൻ കഴിയുന്ന ഒന്നല്ല. ദാസേട്ടൻ പറയുന്നതുപോലെ, ഉള്ളിൽ പാട്ടുണ്ടെങ്കിൽ മാത്രമേ പാടാൻ കഴിയൂ. താളത്തിൽ പാടാൻ ആർക്കും കഴിഞ്ഞേക്കും, പക്ഷേ അതിൽ ഭാവം വരണമെങ്കിൽ അത് ഉള്ളിൽ തന്നെ ഉണ്ടാവണം. എത്രയോ തലമുറകളുടെ ജീനുകൾ നമ്മുടെ ശരീരത്തിലുണ്ട്. അച്ഛന്റെയും അമ്മയുടെയും മാത്രമല്ല, മുൻതലമുറകളിൽ ആർക്കെങ്കിലും ഇത്തരമൊരു കഴിവുണ്ടായിരുന്നിരിക്കാം; അത് പാരമ്പര്യമായി എനിക്ക് ലഭിച്ചതായിരിക്കാം.'

**20. ചോദ്യം:** ജീവിതം ഒരു വലിയ ഓട്ടമാണെന്ന് തോന്നാറുണ്ടോ? ഈ ഘട്ടത്തിൽ താങ്കൾ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് എന്താണ്ശാന്തമായ വിശ്രമജീവിതമാണോ അതോ ഇനിയും സിനിമയിലെ തിരക്കുകളോ?



✪ **ടി.ജി. രവി:** 'എന്നെ വിളിക്കാൻ ആളുകൾ ഉള്ളിടത്തോളം കാലം ഞാൻ സിനിമയിൽ തുടരും. സിനിമ കുറഞ്ഞാലും എനിക്ക് എന്തെങ്കിലും പണി ചെയ്തുകൊണ്ടിരിക്കണം. അതിനുവേണ്ടി ഇപ്പോൾ ഞാൻ കുറച്ച് കൃഷിപ്പണികൾ തുടങ്ങിവച്ചിട്ടുണ്ട്. വ്യവസായം നടത്തുമ്പോൾ പലതരത്തിലുള്ള സമ്മർദ്ദങ്ങളുണ്ടാകാം, എന്നാൽ കൃഷിയിലാകുമ്പോൾ മാവായാലും പ്ലാവായാലും നമ്മുടെ മെക്കിട്ടു കേറാൻ വരില്ലല്ലോ (ചിരിക്കുന്നു).'

**21. ചോദ്യം:** മലയാളത്തിന്റെ അഭിമാനം മോഹൻലാലിന് ദാദാസാഹിബ് ഫാൽക്കെ അവാർഡ് കിട്ടിയത് അറിഞ്ഞിരിക്കുമല്ലോ.. മലയാളത്തിൽ ലഭിച്ച ഈ അംഗീകാരത്തിന് താങ്കളുടെ അഭിപ്രായം

✪ **ടി.ജി. രവി:** 'മലയാള സിനിമയിലെ യഥാർത്ഥ പ്രതിഭയ്ക്ക് ഇത്തരമൊരു അംഗീകാരം ലഭിച്ചതിൽ വലിയ സന്തോഷം. അർഹതപ്പെട്ടവർക്ക് തേടിയെത്തിയ അംഗീകാരമാണിത്. മോഹൻലാലിന് ഈ പുരസ്കാരം ലഭിച്ചത് തികച്ചും അർഹമായ കാര്യമാണെന്നതിൽ ആർക്കും ഒരു സംശയവുമില്ല. നമ്മുടെ കൂടെയുള്ളവർക്ക് ഇത്രയും വലിയൊരു ബഹുമതി ലഭിക്കുമ്പോൾ അതൊരു പ്രത്യേക സന്തോഷം തന്നെയാണ്."

**വാ**ക്കുകളിലെ മിതത്വവും നിലപാടുകളിലെ വ്യക്തതയുമാണ് ടി.ജി. രവി എന്ന വ്യക്തിയെ മറ്റുള്ളവരിൽ നിന്ന് വേറിട്ടു നിർത്തുന്നത്. വില്ലൻ വേഷങ്ങളിൽ നിന്ന് അച്ഛൻ വേഷങ്ങളിലേക്കും, ഫാക്ടറിയിലെ യന്ത്രങ്ങൾക്കിടയിൽ നിന്ന് ശാന്തമായ കൃഷിയിടത്തിലേക്കും മാറുമ്പോഴും അദ്ദേഹം തന്റെ കർമ്മനിരതമായ ജീവിതശൈലി കൈവിടുന്നില്ല. ജീവിതത്തിലെ ഉയർച്ചതാഴ്ചകളെ രത്തൻ ടാറ്റയുടെ വാക്കുകളിലൂടെ ദർശിക്കുന്ന അദ്ദേഹത്തിന്റെ രീതി, പ്രതിസന്ധികളെ നേരിടുന്ന ഏതൊരു വ്യക്തിക്കും ഒരു വലിയ പാഠമാണ്. പകരക്കാരില്ലാത്ത ആ അഭിനയവൈഭവത്തിന് മുന്നിൽ, മലയാള സിനിമയ്ക്ക് ഇനിയും ഒരുപാട് കരുത്തുറ്റ കഥാപാത്രങ്ങളെ നൽകാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം. ●

കവിത

# ചിലന്തിയുടെ പുനർജന്മം

മജീദ മുഹമ്മദ് അലി

അലമാരക്കോണിലും
ചുവരിന്റെ നിഴലിലും
കാലം കെട്ടിയിട്ട
നൂൽവഴികൾ ഞാൻ കണ്ടില്ല,
കണ്ണില്ലാത്ത പതിവുകൾ
എന്നെ കുരുക്കിയെന്നറിഞ്ഞില്ല.

വൃത്തിയെന്ന പേരിൽ
ഞാൻ വീശിയ ചൂലുകൾ
എന്റെ തന്നെ ചിന്തകളെ
ചിതറിച്ചു കളഞ്ഞു

വാതിൽപ്പടിയിറങ്ങവേ
ഒരു സൂക്ഷ്മനൂൽ
എന്റെ ശ്വാസത്തെ തൊട്ടു.
പിന്നെ ഒന്നിന് പിന്നാലെ
അനവധി നൂൽചുംബനങ്ങൾ,
അദൃശ്യവലയങ്ങൾ
എന്നെ ചുറ്റി പിണഞ്ഞു.

ഇരുട്ടിൽ
കണ്ണുകൾ തെളിഞ്ഞു വരുന്നു,
എന്റെ പേടി
നിശ്ശബ്ദതയിൽ
എന്നെ തട്ടി മാറ്റുമോ
എന്നായിരുന്നു

എന്റെ ഹൃദയമിടിപ്പുകൾ
അവർ എണ്ണിത്തുടങ്ങി.

പാഞ്ഞോടാൻ ശ്രമിച്ചാൽ
നൂൽ കെട്ടിപ്പിടിക്കുന്നു,
വിലപിച്ചാൽ
വല ശക്തമാകുന്നു.
എന്റെ വിയർപ്പ്
അവർക്കൊരു പുച്ഛം
എന്റെ തളർച്ച
അവർക്കൊരു ഉത്സവം.

പതുക്കെ
എന്റെ കൈകൾ
കാലുകളാകുന്നു,
ചിന്തകൾ
നൂലായി ഒഴുകുന്നു.
കണ്ണുകൾ കൂട്ടിയേറി
ഞാൻ ലോകത്തെ
ചിതറിച്ച് കാണുന്നു.

ഇനി ഞാൻ കാത്തിരിക്കും
മറ്റൊരു മനുഷ്യൻ
ഈ വലയിലേക്കു
അശ്രദ്ധയായി കടക്കുമ്പോൾ.
അവന്റെ പേടി
എന്റെ ആഹാരം,
അവന്റെ പതനം
എന്റെ പുനർജന്മം.





# ആത്മഹത്യ

കവിത



**നുഷറ സി എച്ച്**

ഒന്നും ബാക്കിയാവാതെ
എല്ലാം അവസാനിച്ചു പോകുന്നൊരു
നിമിഷമുണ്ട് .
അന്ധമാകുന്ന ഹൃദയത്തിൽ
വാക്കുകൾക്ക് സ്ഥാനമില്ലാതെ
മിന്നിമറയുന്ന അസ്വസ്ഥതയുടെ
ആ നിമിഷം
തിരിച്ചെടുക്കാനാവാത്ത വിധം
വിദൂരതയിലേക്ക് മറയുന്ന സെക്കൻഡുകൾ
പറഞ്ഞാലറിയാനാവാതെ
മൗനം നിഴൽപ്പറ്റുന്ന നേരം
അതിലൂടെ കടന്നു പോകുന്നൊരാൾക്ക്
അത് വിശദീകരിക്കാനുമാവില്ല .
ചിലതൊക്കെയതിൽ
വിലപ്പെട്ട നഷ്ടങ്ങളാണ്
അതിൻറെ വില നിശ്ചയിക്കാനുമാവില്ല .
ജീവിതം ആത്മഹത്യ ചെയ്യാനുള്ളതല്ല.
അതൊരു അനുകരണീയ മാതൃകയുമല്ല .
എന്നാലും ചിലപ്പോഴത് സംഭവിച്ചു പോകുന്നു .
ജീവിച്ചിരിക്കുന്നവർ എത്ര അന്വേഷിച്ചാലും,
എത്ര തെളിവു നിരത്തിയാലും ,
ആത്മഹത്യാക്കുറിപ്പിൻറെ വരികൾക്കപ്പുറവും
അത് ദുരൂഹമാണ് .ബോധ്യപ്പെടാത്ത എന്തോ
ഒന്ന് അപ്പോഴും തുടരും .ഒരവ്യക്തത,
അതാണ് ആത്മഹത്യയുടെ സൗന്ദര്യം .
അതിലൊരു പ്രതിഷേധത്തിൻറെ
പൊള്ളുന്ന കനലു കൂടിയുണ്ട് .
ചേർത്തുവെച്ച സ്വപ്നങ്ങൾ,
എണ്ണിയാലൊടുങ്ങാത്ത മോഹങ്ങൾ
ഒടുക്കമൊരവസാന
കുറുപ്പിലൊതുക്കുമ്പോൾ
തൂങ്ങിയാടുന്ന കുരുക്കിൽ
ഒരുപാട് ചോദ്യങ്ങൾ ശേഷിപ്പായ് കിടക്കും
ഏത് കാലത്തും മറയാതെ..
അപ്പോഴും ജീവിച്ചു തീർത്തത്
വായുവിൽ വരച്ചിട്ട വരപോലെ
വായിക്കാനോ
ചേർത്തിയെഴുതാനൊ കഴിയാതെ..,
ചിലരിൽ വിരൽ ചൂണ്ടി
ചോദ്യങ്ങളുർത്തി
ഹൃദയത്തിൽ കുരുക്കിട്ടു വലിച്ച്
ജീവിതം എന്തിനെന്നില്ലാതെ
ഭാരമായിത്തീരും
അതെ ഇത് ആത്മഹത്യയല്ല
ജീവിതം നിഷേധിച്ചവർ നടത്തുന്ന
കൊലപാതകമാണ്
ഒടുക്കമൊന്ന്
പകർത്തിയെഴുതാനാവാത്ത
വിധം ഹൃദയത്തിൽ കുറിച്ചിട്ട്
മറയുന്ന കാലത്തിനൊരു
ആത്മഹത്യാക്കുറിപ്പ് ...



# വൈകൽ

കവിത



ശ്രീജ വിജയൻ



വൈകിയെത്തൽ ,
വൈകിയുണരൽ ,
വൈകിയിറങ്ങൽ
വൈകിയറിയൽ.

വൈകലിനൊരു മനശാസ്ത്രമുണ്ട്.
ഘടികാരത്തിൽ നിന്നിറ്റി വീഴുന്ന,
സമയ വഴികളിലൂടെയുള്ള
ലോലമായ ഒഴുകലല്ലിത്.
സഹനക്കുന്നിൽനിന്നും
പേമാരിപ്പെയ്ത്തു നീന്തി
തീരം പറ്റലാണ്.
പരിഗണനയിൽ മറ്റുള്ളവരെ ചേർക്കുമ്പോൾ
സ്വയം നഷ്ടപ്പെട്ടു പോകുന്നതാണ്.
ഏറ്റെടുക്കുന്ന ദൗത്യങ്ങളിൽ നിറഞ്ഞ്
സമയബോധമില്ലാതെ,
പകർന്നാട്ടങ്ങളിൽ
സംഭവിച്ചു പോകുന്നതാണ്.
വിശേഷണങ്ങളാൽ
പരാജിതന്റെ മുഖം നൽകലാണ്.
ധിക്കാരം പതിച്ചു നൽകലാണ്.

കനപ്പെട്ട സംവാദങ്ങളിലൂടെ
ഭൂതകാലത്തെ കരുതിവയ്ക്കലാണ്.
ഉന്മാദങ്ങളോ,
കൊഴിഞ്ഞു പോകലോ
തടയാനുള്ളതിരിഞ്ഞുനോട്ടം.
വർത്തമാന കാല ബോധ്യം.

കവിത

# സുന്ദരം





ഹാജറ കെ. എം

ഇടയ്ക്കൊക്കെ
ഞാനീ വഴിയിലൂടെ നടക്കാനിറങ്ങും
ഇപ്പോഴും ഇവിടം വിജനമാണ്
 എനിക്കു മാത്രം....
നമ്മുടെ നെടുവീർപ്പുകൾ വീണുടഞ്ഞ
മരത്തണലിൽ നിറയെ കരിയിലകൾ
തകർന്നു വീണിട്ടുണ്ട് ,
എന്റെ സ്വപ്നങ്ങളുടെ അവശിഷ്ടങ്ങൾക്കൊപ്പം.
ഇടയ്ക്കൊക്കെ ഞാൻ അവ പെറുക്കിക്കൂട്ടും
അവയെല്ലാം ജീർണ്ണിച്ചിട്ടുണ്ട്.
നമ്മുടെ മോഹങ്ങൾക്കു നിറം ചാർത്തിയ
മേഘക്കൂട്ടങ്ങൾ
ഇപ്പോഴും എന്നെ കാത്തിരിക്കാറുണ്ട്
ചില നേരത്ത് ഞാൻ ചിരിക്കാറുണ്ട് ,
എന്നെ തോൽപ്പിച്ച ജീവിതത്തിന്റെ
വൈകൃതത്തെക്കുറിച്ചോർക്കുമ്പോൾ..
എല്ലാം ഇട്ടെറിഞ്ഞ് മടങ്ങാനൊരുക്കുമ്പോഴേയ്
ക്കും ആരോ ഓർമിപ്പിക്കും -
ഇനിയും ഒരു വസന്തമുണ്ടത്രേ.....
ഒന്നുമില്ലെങ്കിലും എന്തൊക്കെയോ ഉണ്ടാവും
എന്ന് കാലം മോഹിപ്പിക്കുന്നിടത്തോളം
ജീവിതവും സുന്ദരമാവുമല്ലോ .....

കവിത

# മരുഭൂമിയിലെ മഴ





ബഷീർ മുളിവയൽ

ചിണുങ്ങിച്ചിണുങ്ങി ഒരു കുഞ്ഞുമഴ
സ്കൂൾ ബസ്സിൽ നിന്നിറങ്ങി അമ്മയുടെ
അടുത്തേക്കോടുന്നു

നനഞ്ഞുകുതിർന്ന യൂണിഫോമിൽ
ഡെലിവറിബൈക്കിൽ വന്നിറങ്ങുന്നു
ആരുടെയോ വിശപ്പ് കൈകളിലുള്ളതിന്റെ
ആധിപാറുന്ന ഒരു ചാറ്റൽ മഴ

പണിത് കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ
മുകളിൽ സേഫ്റ്റിജാക്കറ്റും , ഹെൽമെറ്റും വെച്ച്
ഒരു തോരാമഴ പെയ്യുന്നു

ചില്ലുകൂട്ടിൽ കുത്തിയ ചിക്കൻ ഷവർമ അരിഞ്ഞു തക്കാ
ളിയും , സലാടുമിട്ട് പൊതിഞ്ഞു നൽകുന്നു

ചെരിഞ്ഞു പെയ്യുന്ന വേനൽമഴ

സൂട്ടും കോട്ടുമിട്ട് ധൃതിയിൽ
കാറിൽ പറന്നു പോകുന്നുണ്ട്
ജോറിൽ ഒരു പെരുമഴ

മരുഭൂ ജീവിതത്തിൽ ഇങ്ങനെ എത്രയെത്ര
മഴകളാണ് കൺമുന്നിൽ പെയ്തു തോരുന്നത്

കറുത്ത പർദ്ദയിട്ട് കാറ്റും കോളുമായി പെയ്ത
മഴയിൽ കണ്ടു മഴവില്ല്
മഴ തോർന്നിട്ടും ഉള്ളിൽ നിറയെ നാമ്പിട്ടിരിക്കുന്നു
പ്രണയപ്പച്ച .

# നിഷ്പക്ഷം

കവിത

അറിഞ്ഞവരാരും
പറഞ്ഞതേയില്ല.
പറഞ്ഞവരൊന്നും
അറിഞ്ഞതേയില്ല.

പറയാനുള്ളോർക്കോ
പറയാനായുമ്പോൾ
കനത്ത ജീവിതം
കൊളുത്തി നാവിന്മേൽ
പറയും തൊണ്ടയിൽ
കനലെരിഞ്ഞു പോയ്.
പറയാത്തൊണ്ടയിൽ
ഇരുളടഞ്ഞു പോയ്
ഉദിക്കുവാനുണ്ടോ
നിയതിയാം സൂര്യൻ
ഒഴുക്കും കണ്ണീരോ
മറയ്ക്കും മേഘമായ്.

അറിഞ്ഞവരെന്നാൽ
അറവീലെന്നായി
കഴുത്തിൽ രാകിയ
കനത്ത കത്തി തൻ
തണുപ്പിലായ്ത്തൊട്ടു
മിഴിയും കൂമ്പിപ്പോയ്.
മൊഴിയും രാകിപ്പോയ്
പഴിയെന്നായ്പ്പോയി.
പിഴയതുണ്ടെന്നാൽ
പിഴപ്പുമില്ലാതാം
കൊഴുത്തവർക്കെന്തു
പിഴയ്ക്കാൻ ജീവിതം?

പിടച്ചിലായപ്പോൾ
സകലർക്കുമുള്ളം.
അറിഞ്ഞതെന്നാലോ
പറഞ്ഞുപോയാലോ
വകതിരിവൊട്ടും
വകഞ്ഞെടുക്കാതെ
കനത്ത മൗനത്തിൻ
നിതാന്ത ധ്യാനമായ്.

അറവിനായിനി
ചുമലിലേറ്റുന്നു
മുടന്തും കുഞ്ഞാടിബ
ലടയും നീതിയെ.



രാജൻ സി എച്ച്



# ഇരുട്ടിലും മഴയിലും വന്ന ഒരാൾ



കൃഷ്ണകുമാർ മാപ്രാണം

ഒരു വ്യക്തിപരമായ അത്യാവശ്യം വന്നപ്പോഴാണ്, ഞാൻ രാഘവൻ മാസ്റ്ററുടെ വീട്ടിലേക്ക് ഒരു ഒഴിവുദിവസം നോക്കി യാത്ര തിരിച്ചത്.

പട്ടണത്തിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ വടക്കോട്ട്, ഒരു ഉൾപ്രദേശത്താണ് രാഘവൻ മാസ്റ്ററുടെ വീട്.

മുൻപ് പലതവണ അവിടെ പോയിട്ടുണ്ടെങ്കിലും, എനിക്ക് പാലക്കാട്ടേക്ക് ട്രാൻസ്ഫർ കിട്ടിയ ശേഷം ആ സൗഹൃദ സന്ദർശനങ്ങൾ നിലച്ചിരുന്നു. എങ്കിലും, എവിടെയെങ്കിലും വെച്ച് കാണുമ്പോൾ മാഷ് വീട്ടിലേക്ക് ക്ഷണിക്കാറുണ്ടായിരുന്നു.

പണ്ട് പോയതിന് ശേഷം വഴിക്കൊന്നും വലിയ മാറ്റമില്ലായിരുന്നു. മെറ്റൽ പാതയാണെങ്കിലും നിറയെ കുണ്ടും കുഴിയുമായിരുന്നു. അതുകൊണ്ടുതന്നെ ഒരു ഓട്ടോറിക്ഷക്കാരനും വരാൻ കൂട്ടാക്കിയില്ല. കുറെ കാത്തിരിപ്പിന് ശേഷം ഭാഗ്യത്തിന് ഒരു ലാംബ്രട്ട ഓട്ടോക്കാരൻ വരാമെന്ന് സമ്മതിച്ചു.

'വഴി മോശമാണ് സാറേ... പൈസ ഇത്തിരി കൂടുതൽ തരണം...'

അയാൾ വണ്ടി മുന്നോട്ടെടുക്കുമ്പോൾ തന്നെ പറഞ്ഞു.

ആകാശം മൂടിക്കെട്ടിയിരുന്നു. പെട്ടെന്ന് ഇരുട്ട് വീഴുന്ന തുലാമാസക്കാലം. മഴ പെയ്യാനുള്ള സാധ്യതയുമുണ്ടായിരുന്നു. രാഘവൻ മാസ്റ്ററെ കണ്ട് കാര്യം പറഞ്ഞ് വേഗം മടങ്ങണം എന്ന് വിചാരിച്ച് ഞാൻ അദ്ദേഹത്തിന്റെ വീട്ടുപടിക്കലെത്തി.

'വെയിറ്റ് ചെയ്യാമോ... ഇത്തിരി നേരം...' ഞാൻ ഓട്ടോ ഡ്രൈവറോട് ചോദിച്ചു

'ഇല്ല സാറേ... വേറൊരു ഓട്ടമുണ്ട്...'

ഓട്ടോ കൂലി കൊടുത്ത് ഞാൻ നേരെ മുറ്റത്തേക്ക് നടന്നു. കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ട് അകത്തുനിന്ന് രാമുവാണ് വാതിൽ തുറന്നത്. മാഷുടെ വീട്ടിൽ അവൻ എല്ലാമാണ്. എത്ര കാലം കഴിഞ്ഞിട്ടും അവന് മാറ്റമൊന്നുമുണ്ടായിരുന്നില്ല.

എന്നെ കണ്ടതും അവൻ അത്ഭുത

ത്തോടെ നോക്കി.

'ങ്ങാ... സാറോ... കുറെ കാലായല്ലോ...'

'അതെ... എന്താ രാമു സുഖല്ലേ...'

'അതെ സാർ... സാറിനോ...'

'ങ്ങാ... ഇങ്ങനെയൊക്കെ പോണൂ....... രാഘവൻ മാഷില്ലേ...'

'ഇല്ല ...സാർ... പുറത്തു പോയിരിക്ക്യാണ്.. '

'അയ്യോ.... ഞാൻ ഇന്ന് ഉണ്ടാവും എന്നാ കരുതീത്...."

"... കാലത്ത് പോയീതാ...ഏകദേശം ഇപ്പൊ വരാറായിട്ടുണ്ട്... സാറിരിക്ക്...'

ഞാൻ സിറ്റൗട്ടിൽ ഉണ്ടായിരുന്ന കസേരയിലിരുന്നു.

'മാഷ് എവിടെ പോയതാണ്...'

'രണ്ടു ദിവസം മാഷുടെ മക്കളൊക്കെ ഇബടെ ഇണ്ടായിരുന്നു....ഇന്ന് അവരുടെ കൂടെ പോയിരിക്ക്യാണ്... മാഷും ടീച്ചറും വൈകീട്ട് എത്തുംന്ന് പറഞ്ഞിരുന്നു...'

ഞാൻ ടീപ്പോയിൽ കിടന്നിരുന്ന പത്രമെടുത്ത് വെറുതെ മറിച്ചുനോക്കിയിരുന്നു.

'സാറിന് ചായയെടുക്കട്ടെ...'

'വേണ്ട രാമു.... മാഷിപ്പോൾ വരുല്ലോല്ലേ...'

'വരുംന്നേ... സാറിരിക്ക്... എനിക്ക് അപ്പുറത്ത് ഇത്തിരി പണീണ്ട്. അതൊന്ന് തീർക്കട്ടേട്ടോ.....'

"ശരി പണി നടക്കട്ടെ.... ഞാൻ വെയ്റ്റ് ചെയ്യാം"

രാമു അപ്പുറത്തേക്ക് പോയി.

മാഷ് വരുന്നതും കാത്ത് ഞാൻ അവിടെ കുറെ അധികം സമയം ഇരുന്നു. നേരം സന്ധ്യയാകാൻ തുടങ്ങിയിരുന്നു. തുലാമാസമായതുകൊണ്ട് അന്തരീക്ഷത്തിൽ ഇരുട്ട് പരക്കാനും തുടങ്ങി. മാഷെ കാണാതെ ഞാൻ വിഷമിച്ചു..

ഇനിയും മാഷെ കാത്തിരുന്നാൽ വീട്ടിലെത്താൻ വൈകുമെന്ന് ഓർത്തപ്പോൾ ഞാൻ രാമുവിനോട് പറഞ്ഞു

"രാമൂ...ഇനി കാത്തിരുന്നാൽ വീട്ടിലെത്താൻ വൈകും.. ഞാൻ ഇറങ്ങാ.... പിന്നെ വന്ന് കാണാം..... '

ഞാൻ അവിടെ നിന്നും ഇറങ്ങി.

ആകാശം കാറണിഞ്ഞു നിന്നിരുന്നു.

പെട്ടെന്ന് ഒരു ഇടിമുഴങ്ങി. അതിനെ തുടർന്ന്

നേരിയതായി മഴ ചാറാനും തുടങ്ങി..

റോഡിലെത്തി ഞാൻ അല്പനേരം നിന്നു. കുണ്ടും കുഴികളും നിറഞ്ഞ ആ വഴിയിൽ ഒരു ഓട്ടോറിക്ഷ പോലും വരില്ലെന്ന് അറിയാമായിരുന്നിട്ടും ഞാൻ കാത്തുനിന്നു. മനസ്സ് അങ്ങനെയാണ്, വരില്ലെന്ന് അറിയാമായിരുന്നിട്ടും ഒരുപക്ഷേ വന്നെങ്കിലോ എന്നുള്ള ചിന്ത.

നേർത്ത ചാറ്റലിൽ തുടങ്ങിയ മഴയ്ക്ക് കനം വെക്കാൻ തുടങ്ങിയതും അവിടെ അങ്ങനെ നിന്നതുകൊണ്ട് പ്രയോജനമില്ലെന്ന് അറിഞ്ഞ് മെയിൻ റോഡിലെത്താൻ ഞാൻ തിടുക്കത്തിൽ നടന്നു.

നീണ്ട വഴിയിൽ വിശാലമായ മൈതാനമുണ്ടായിരുന്നു. ഒരുവശം പാടവും. അവിടെ എത്തിയതും കനത്ത കാറ്റും ഒപ്പം മഴ ശക്തി പ്രാപിക്കാനും തുടങ്ങി.

വഴിവിളക്കുകൾ അങ്ങിങ്ങായി നേർത്ത പ്രകാശത്തിൽ മിന്നിമിന്നി നിൽക്കുന്നുണ്ടായിരുന്നു. മെറ്റൽ പാതയിലെ കുണ്ടിലും കുഴിയിലും കയറിയിറങ്ങി എന്റെ കാലുകൾ വേദനിച്ചു. മഴയിൽ ഞാനാകെ നനഞ്ഞുകുതിർന്നു.

പെട്ടെന്നാണ് വഴിവിളക്കുകൾ കെട്ടത്. രാത്രി അധികമായിട്ടില്ലെങ്കിലും അവിടമാകെ കനത്ത ഇരുട്ട് വ്യാപിച്ചു കിടന്നിരുന്നു. റോഡിൽ അന്ധനെപ്പോലെ ഞാൻ തപ്പിത്തടഞ്ഞു നടന്നു. എവിടെയെങ്കിലും ഒന്നു കയറിനിൽക്കാൻ ഒരിടം കിട്ടിയെങ്കിൽ എന്ന് ഞാനാശിച്ചു. പക്ഷേ മൈതാനത്തിനും പാടത്തിനുമിടയിൽ കയറി നിൽക്കാൻ പറ്റിയ സ്ഥലം ഒന്നുമുണ്ടായിരുന്നില്ല.

പൊടുന്നനെയാണ് ഒരു ടോർച്ചിന്റെ വെളിച്ചം എന്റെ കണ്ണിലടിച്ചത്. എതിരെ നിന്നും ടോർച്ചും മിന്നിച്ച് വരുന്നു ഒരാൾ. അയാൾ എന്റെ തൊട്ടടുത്തെത്തിയതും മഴ നനഞ്ഞു പോകുന്ന എന്നെ ടോർച്ചിന്റെ വെളിച്ചത്തിൽ കണ്ടതാവാം, എന്നോട് ചോദിച്ചു.

'എന്തൊരു മഴ... എന്തിനിങ്ങനെ മഴ നനയുന്നു... എവിടെയെങ്കിലും ഒന്നു കയറി നിൽക്കരുതോ?'

'എവിടെ...'?

ഞാൻ ചോദിച്ചു.

'വരൂ... ഇനി അധികം നനയേണ്ട...'

അയാൾ കുട എന്നോടടുപ്പിച്ചു.

'മഴ മുഴുവനും കൊണ്ടുവല്ലേ...'

അയാൾ എന്റെ ദേഹത്തേക്ക് ടോർച്ച് മിന്നിച്ചു.

'എന്തു ചെയ്യാം... എനിക്ക് വേഗം മെയിൻ റോഡിലെത്തണം.'

'മഴ കുറയുന്ന ലക്ഷണമില്ല... വിരോധമില്ലെങ്കിൽ എന്റെ കൂടെ വരൂ... ദാ... ആ കാണുന്ന പാലത്തിന്റെ തെക്കാണ് എന്റെ വീട്... മഴ തെല്ല് കുറഞ്ഞിട്ട് പോകാം...'

നല്ല മഴയാണ്.... യാതൊരു നിവൃത്തിയുമില്ല...തൽക്കാലം അയാളോടൊപ്പം പോകാമെന്നു ഞാൻ വിചാരിച്ചു. അയാളുടെ സ്നേഹവും പെരുമാറ്റവും കണ്ട് ഇങ്ങനെയുള്ളവരും ഉണ്ടല്ലോ എന്ന് ഞാനോർത്തു. പ്രായം ഒരു അമ്പത്തിയഞ്ച് വയസ്സ് തോന്നിയിരുന്നു അയാൾക്ക്. അയാളുടെ സ്നേഹപൂർവ്വമായ ക്ഷണം സ്വീകരിച്ച് അയാളോടൊപ്പം കുടയിൽ, തെല്ലുമാറി ചെറിയൊരു വെളിച്ചം കാണുന്ന ദിക്കിലേക്ക് ഞാൻ നടന്നു.

'എവിടെയാണ് വീട്...'

അയാൾ ചോദിച്ചു.



ഞാൻ സ്ഥലപ്പേര് പറഞ്ഞു.

'എപ്പോഴും ബസ്സുണ്ടല്ലോ... മഴ മാറട്ടെ... പിന്നെ ...എവിടെ പോയതാണ്...'

'രാഘവൻ മാഷെ അറിയുമോ... അവിടെ വരെ പോയതാണ്...'

'ഓ... ദേശീയ അവാർഡ് ജേതാവായ രാഘവൻ മാസ്റ്ററെല്ലേ...'

'അതെ...'

'അദ്ദേഹത്തെ അറിയാത്തവരാരെങ്കിലുമുണ്ടോ ഈ നാട്ടിൽ... ആട്ടെ പോയ കാര്യം നടന്നോ?'

'ഇല്ല... നേരമിരുട്ടിയതും... ഞാനിങ്ങു പോന്നു...'

'നന്നായി... അതുകൊണ്ടല്ലേ നമുക്ക് തമ്മിൽ കാണാൻ കഴിഞ്ഞത്...'

അയാൾ വല്ലാതെ ഒന്നു ചിരിച്ചു.

ഒരു വെളിച്ചം അടുത്ത് കണ്ടതോടെ അയാൾ പറഞ്ഞു.

'ദാ നമ്മളെത്തി... ഇതാണ് എന്റെ വീട്... ഇവിടെ ഞാനും ഭാര്യയും മാത്രമേ താമസമുള്ളൂ...'

'കുട്ടികളോ...'

അയാൾ നിശ്ശബ്ദനായി. അത് ചോദിക്കേണ്ടെന്ന് പിന്നീട് എനിക്ക് തോന്നി. അതയാളെ വിഷമിപ്പിച്ചിരിക്കാമോ...

മുറ്റത്തെത്തിയതും ഉറക്കെത്തന്നെ അയാൾ ഭാര്യയെ വിളിച്ചു. വാതിൽ തുറന്നുകൊണ്ട് അയാളുടെ ഭാര്യ പുറത്തുവന്നു. കൂടെ ഒരാളെ കണ്ടതും അവർ വാതിലിന്റെ മറപറ്റി നിന്നു.

'നമുക്കിന്നൊരതിഥിയുണ്ട്...'

അയാൾ അവരോട് പറഞ്ഞു.

'നീ പോയി വേഗം രണ്ടു കാപ്പിയിട്... തണുക്കുന്നു.'

അയാളുടെ ഭാര്യ അതുകേട്ട് അകത്തേക്ക് പോയി. അയാൾ അകത്ത് കയറി ഒരു ടർക്കി ടവലെടുത്ത് എന്റെ നേർക്ക് നീട്ടി.

'നനഞ്ഞതല്ലേ... തല തുവർത്തിക്കോളൂ... അതുകഴിഞ്ഞ് നമുക്ക് അകത്തിരിക്കാം... പുറത്ത് നല്ല തണുപ്പുണ്ട്.'

ഞാൻ തോർത്തെടുത്ത് തുടച്ച് മെല്ലെ അകത്തേക്ക് കയറി. അയാൾ നീക്കിയിട്ട സ്റ്റൂളിൽ ഞാനിരുന്നു. അല്പം കഴിഞ്ഞപ്പോഴേക്കും അയാളുടെ ഭാര്യ ചൂടുള്ള കാപ്പിയുമായി വന്നു. തണുപ്പിൽ ആവിപറക്കുന്ന കാപ്പി ഒരാശ്വാസം തന്നെയായിരുന്നു.

കാപ്പി മൊത്തിക്കുടിച്ച് അയാൾ സംസാരത്തിന് തുടക്കമിട്ടു.

'നിങ്ങടെ നാട്ടിലൊക്കെ ഞാൻ വന്നിട്ടുണ്ട്ട്ടൊ...ഞാൻ കോളേജിൽ കെമിസ്ട്രിയായിരുന്നു പഠിപ്പിച്ചിരുന്നത്. എന്റെ കുറച്ച് സ്റ്റുഡൻസൊക്കെ നിങ്ങളുടെ നാട്ടിലുമുണ്ട്. വീട്ടുകാർക്ക് എന്നെ ഡോക്ടറാക്കാനായിരുന്നു ആഗ്രഹം. എന്നാൽ ആയത് ഇങ്ങനെ...'

പ്രൊഫസർ വല്ലാതെ ചിരിച്ചു.

സംസാരത്തിനിടയിൽ പ്രൊഫസർ ചിലരുടെ പേരൊക്കെ പറഞ്ഞു. എന്നിട്ട് അവരെയൊക്കെ പരിചയമുണ്ടോ എന്ന് ചോദിച്ചു. നാട്ടിൽ സ്ഥിരതാമസക്കാരനായിരുന്നുവെങ്കിലും പ്രൊഫസർ പറഞ്ഞ പേരുകളുള്ളവരെയൊന്നും എനിക്ക് പരിചയമുണ്ടാ

യിരുന്നില്ല.

കുറച്ചു നേരത്തെ സംസാരം കൊണ്ടും പ്രൊഫസറുടെ പെരുമാറ്റം കൊണ്ടും എനിക്ക് അദ്ദേഹത്തോട് ബഹുമാനവും സ്നേഹവും തോന്നിത്തുടങ്ങിയിരുന്നു.

മഴയുടെ ശക്തി കുറയാൻ തുടങ്ങി.

വാച്ച് നോക്കുന്നത് കണ്ട് പ്രൊഫസർ ചോദിച്ചു.

'ഇന്നുതന്നെ പോകണമെന്നുണ്ടോ? ഇന്നിവിടെ കൂടണമെങ്കിലും എനിക്ക് വിരോധമൊന്നുമില്ലാട്ടോ...'

പ്രൊഫസർ ഒരു തമാശ പറഞ്ഞു.

പ്രൊഫസർക്ക് സംസാരിക്കാൻ ഒരാളെ കിട്ടിയ സന്തോഷമായിരുന്നു. എന്നെ അവിടെ പിടിച്ചുനിർത്താനുള്ള ആഗ്രഹമുണ്ടായിരുന്നു എന്നും തോന്നി. വീട്ടിൽ നേരം വൈകിയെത്തിയാൽ നൂറുകൂട്ടം ചോദ്യങ്ങളുമായി പിന്തുടരുന്ന എന്റെ ഭാര്യയുടെ മുഖം കടുക്കുന്ന കാര്യമോർത്തതും ഞാനെഴുന്നേറ്റു.

മഴയ്ക്ക് ശക്തി കുറഞ്ഞെങ്കിലും മുഴുവനും തോർന്നിരുന്നില്ല. ഇടിമുഴക്കവും മിന്നലും അല്പാല്പമായി ഉണ്ടായിരുന്നു.

പ്രൊഫസർ പറഞ്ഞു.

'മഴ ഇനിയും പെയ്തേക്കാം... ഈ കുട കൈയ്യിൽ വെച്ചോളൂ... ഇനി വരുമ്പോൾ എങ്ങാനും കൊണ്ടുവന്നാൽ മതി. അങ്ങനെയെങ്കിലും ഇനി നിങ്ങൾക്കിവിടെ വരാമല്ലോ...'

പ്രൊഫസർ ഒരു ചിരിയോടെ കുട എന്റെ നേരെ നീട്ടി.

പ്രൊഫസറുടെ പെരുമാറ്റത്തിൽ സന്തുഷ്ടനായി നന്ദിയോടെ കുട വാങ്ങി, അടുത്തുതന്നെ വരാമെന്നും പറഞ്ഞ് ഞാൻ അവിടെനിന്നിറങ്ങി. പ്രൊഫസറുടെ ഭാര്യ മുറ്റത്തുനിന്നിറങ്ങുന്ന വഴിയിലേക്ക് ടോർച്ച് മിന്നിച്ചു തന്നു.

പിന്നീട് കുറച്ചു ദിവസങ്ങൾക്കു ശേഷമാണ്

രാഘവൻ മാസ്റ്ററെ കാണാൻ എനിക്ക് പോകാൻ കഴിഞ്ഞത്. ഇത്തവണ ഓട്ടോറിക്ഷയൊന്നും കാത്തുനിൽക്കാതെ ഞാൻ നടന്നു. പ്രൊഫസറുടെ വീട്ടിലൊന്ന് പോകുകയും അദ്ദേഹത്തെ ഒന്നു കാണുകയും കുട തിരിച്ചേൽപ്പിക്കുകയും ചെയ്യണമെന്നുള്ളതുകൊണ്ടാണ് നടന്നുപോകാൻ ഞാൻ തീരുമാനിച്ചത്.

പ്രൊഫസറുടെ വീടെതെന്ന് അറിയാനായി അന്ന് രാത്രിയിൽ തന്നെ ഞാനൊരടയാളം കണ്ടുവെച്ചിരുന്നു. മൈതാനത്തിനും പാടത്തിനുമിടയിൽ പാലത്തിലേക്ക് ഇറങ്ങുന്ന വഴിയിൽ തെക്ക് ഭാഗത്ത് കാണുന്ന രണ്ടാമത്തെ ഓടിട്ട വീടായിരുന്നു അത്.

പ്രൊഫസറുടെ വീട്ടുപടിക്കലെത്തി മുറ്റത്തേക്ക് പ്രവേശിച്ചപ്പോൾ വീട് തെറ്റിയോ എന്ന് എനിക്ക് സംശയമായി. കാരണം താമസിക്കാത്ത ഒരു വീടുപോലെയാണ് അത് കിടന്നിരുന്നത്. വീട്ടുമുറ്റം പുല്ലും ചപ്പുചവറുകളും വന്നു മൂടിക്കിടക്കുന്നു. വാതിലിൽ തട്ടിയെങ്കിലും ഒരനക്കവുമുണ്ടായില്ല.

വീട്ടിലാരുമില്ലല്ലോ. പ്രൊഫസറും ഭാര്യയും എവിടെയെങ്കിലും പോയിരിക്കാമെന്ന് ഞാൻ വിചാരിച്ചു. തൊട്ടടുത്ത വീട്ടിലെ വീടും അടഞ്ഞുകിടക്കുകയാണ്. പ്രൊഫസറെ പിന്നീട് വന്നു കാണാമെന്ന് കരുതി ഞാൻ രാഘവൻ മാസ്റ്ററുടെ വീട്ടിലേക്ക് നടന്നു.

ഞാൻ ചെല്ലുമ്പോൾ രാഘവൻ മാസ്റ്റർ മുറ്റത്തെ പൂച്ചെടികൾ സ്ഥാനം മാറ്റി പൂന്തോട്ടം വൃത്തിയാക്കുകയായിരുന്നു.

എന്നെ കണ്ടതും

'ങ്ങാ... ഇരിക്ക് ദേ വരണൂ...'

എന്ന് പറഞ്ഞ് അപ്പുറത്തേക്ക് പോയി കയ്യും മുഖവും കഴുകി തിരിച്ചുവന്നു.

'അന്ന് കുറെ കാത്തിരുന്നൂല്ലേ..രാമു പറഞ്ഞു....'

'അതു സാരല്ല്യ മാഷെ...'

''പിന്നെ...എന്തൊക്കെയുണ്ട്.. വിശേഷം....ട്രാൻസ്ഫറായപ്പോ...പിന്നെ...പാലക്കാട് അങ്കട് കൂടില്ലേ...'

'ആഴ്ചയിലേ വരൂ.....മാഷെ '

'അതുശരി....പിന്നെ....എന്തായി...തന്റെ എഴുത്ത്.... '

'അതും കൂടി പറയാനാണ് വന്നത്... കഥയൊക്കെ ശരിയാക്കി വെച്ചിട്ടുണ്ട്...മാഷെ... അവതാരിക മാഷൊന്ന് എഴുതി തരണം...'

മാഷ് ചിരിച്ചു.

'വേറെ ആരെക്കൊണ്ടെങ്കിലും എഴുതിയ്ക്കുകയല്ലേ നല്ലത്...'

'പോരാ മാഷെ... മാഷുതന്നെ എഴുതണമെന്നാണ് എന്റെ ഒരാഗ്രഹം...'

'ഉം... ആവട്ടെ... തന്റെ ഒരാഗ്രഹമല്ലേ...ശരി...

എന്നേക്ക് വേണം... '

'പറ്റുമെങ്കിൽ... എത്രയും വേഗം കിട്ടിയാൽ...'

'ശരി... നോക്കട്ടെ...'

ഞാൻ കഥകളുടെ കോപ്പി മാഷിന് കൊടുത്തു.

'എത്ര കഥകളുണ്ട് ഡോ...'

'പതിനെട്ടെണ്ണം...'

‘എത്ര കോപ്പി അടിക്കുന്നുണ്ട്...‘

‘ആദ്യത്തെയല്ലേ... അഞ്ഞൂറ്...‘

‘പുസ്തകം അച്ചടിക്കാൻ നല്ലൊരു കാശ് വരുമല്ലേ... പിന്നെ ഒരു മോഹം അല്ലേ...‘

ഞാൻ ചിരിച്ചു.

സംസാരം അങ്ങനെ നീണ്ടുപോയി. അതിനിടയിൽ മാഷുടെ ഭാര്യ ചക്ക വറുത്തതും കാപ്പിയുമായി വന്നു. മാഷുടെ ഭാര്യ വീട്ടുവിശേഷങ്ങൾ തിരക്കി.

‘ഇയാൾ കഥയൊക്കെ പ്രസിദ്ധപ്പെടുത്താൻ പോണു...‘

മാഷ് ഭാര്യയോടു ഉത്സാഹത്തോടെ പറഞ്ഞു.

‘ഒന്നുമില്ലാതെ... ഇങ്ങനെ പെട്ടെന്നങ്ങട് വരില്ലാന്ന് ഞാനും വിചാരിക്കാതില്ല കുട്ടി... ആദ്യൊക്കെ എടയ്ക്കെടയ്ക്ക് വന്നോരാന്നതല്ലേ... ഇപ്പോ വഴി മറന്നൂ...‘

‘അതിനിപ്പോ ഇയാൾ പാലക്കാടല്ലേ.... ജോലിയ്ക്ക് പുറമെ... എന്തെല്ലാം കാര്യങ്ങളാണ്... കവിതയെഴുത്തും കഥയെഴുത്തും ഒക്കെ കൂടി വല്ല്യ തെരക്ക് അല്ലേ...‘

മാഷ് ചിരിച്ചുകൊണ്ട് എന്നെ നോക്കി.

സംസാരത്തിനിടയിൽ കഴിഞ്ഞ തവണ മാഷുടെ വീട്ടിൽ നിന്നും തിരിച്ചുപോകുമ്പോൾ ഒരു പ്രൊഫസറെ പരിചയപ്പെട്ടതും അവരുടെ കുട വാങ്ങിയതും മാഷോട് ഞാൻ പറഞ്ഞു.

അതുകേട്ടതും മാഷുടെ മുഖത്ത് അത്ഭുതവും അമ്പരപ്പുമുണ്ടായി.

‘പ്രൊഫസ്സറോ...ഏത്....‘

‘അതെ മാഷെ... വരുന്ന വഴിക്ക് ഒരു മൈതാനവും പാടവുമില്ലേ... അവിടെ പാലത്തിന്റെ തെക്ക് താഴേക്കിറങ്ങുമ്പോൾ കാണുന്ന രണ്ടാമത്തെ വീട്ടിൽ താമസിക്കുന്ന... മാഷിനെയൊക്കെ നല്ല പരിചയമുണ്ടെന്നാണ് പറഞ്ഞത്... ഞാനിന്ന് പോരുമ്പോൾ അതിലേയാണ് വന്നത്.‘

മാഷ് അത്ഭുതത്തോടെ അത് കേട്ട് എന്നെയും നോക്കിയിരുന്നു. മാഷുടെ അമ്പരന്ന നോട്ടം കണ്ടതും ഞാൻ ചോദിച്ചു.

‘എന്താ മാഷെ...‘

‘വീട്... എനിക്ക് മനസ്സിലായി... പ്രൊഫസറെ എനിക്കും അറിയാം... അപ്പോൾ... തനിക്കും അങ്ങനെയൊരു അനുഭവം ഉണ്ടായി... അല്ലേ?‘

‘അനുഭവമോ...‘

എനിക്കൊന്നും മനസ്സിലായില്ല.

മാഷ് ഒരത്ഭുത കഥ വിവരിക്കുന്നതുപോലെ പറയാൻ തുടങ്ങി.

‘താൻ കണ്ട ആ വീട് പൂട്ടി കിടക്കാൻ തുടങ്ങീട്ട് എത്ര വർഷായീന്നാ വിചാരം? ആ പ്രൊഫസറും ഭാര്യയും ആ വീട്ടിൽ തന്നെയാണ് താമസിച്ചിരുന്നത്. പക്ഷേ ഇപ്പോ അവിടെയില്ലാന്ന് ഈ നാട്ടുകാർക്കൊക്കെ അറിയാവുന്ന കാര്യാണ്.‘

‘ഞാൻ അന്ന് കണ്ടതാണല്ലോ...‘

ഇടയ്ക്ക് കയറി പറഞ്ഞതും മാഷ് പറഞ്ഞു.

‘അതാണ് ഞാൻ പറയാൻ പോണത്...‘

മാഷ് തുടർന്നു.

‘കുട്ടികളില്ലാതിരുന്ന അവർ റിട്ടയർമെന്റിനു ശേഷം മിക്കപ്പോഴും തീർത്ഥാടനയാത്രകളിലായിരുന്നു. പലപ്പോഴും വീട് പൂട്ടി കിടക്കണത് പതിവ് കാഴ്ച തന്ന്യാണ്. ഒരിക്കൽ പ്രൊഫസറും ഭാര്യയും, അതായത് മൂന്ന് വർഷങ്ങൾക്ക് മുൻപാണ് അത്, ഒരു തീർത്ഥാടനത്തിന് പോയതാണ്. പക്ഷേ തീർത്ഥാടനം പൂർത്തിയാക്കാൻ അവർക്ക് സാധിച്ചില്ല.‘

‘എന്തുപറ്റി?‘

ഞാൻ ആകാംഷയോടെ ചോദിച്ചു.

‘വഴിമദ്ധ്യേ എതിരെ വന്ന ഒരു വാഹനവുമായി അവർ യാത്ര ചെയ്ത വാഹനം ഇടിക്കുകയും സഞ്ചരിച്ച വണ്ടി അഗാധമായ കൊക്കയിലേക്ക് മറിയുകയും ചെയ്തു.‘

‘അയ്യോ... എന്നിട്ടോ...‘

‘അന്ന് വണ്ടിയിലുണ്ടായിരുന്ന യാത്രക്കാരിൽ പതിനാലു പേരാണ് മരിച്ചത്. അക്കൂട്ടത്തിൽ പ്രൊഫസറും ഭാര്യയുമുണ്ടായിരുന്നു...‘

മാഷുടെ കഥ പറച്ചിൽ കേട്ടതും ഞാനാകെ തരിച്ചിരുന്നു.

‘അപ്പോൾ ഞാനന്ന് കണ്ടത്... ആരെയായിരുന്നു...‘

എന്റെ ശബ്ദത്തിൽ വിറയലുണ്ടായി.

‘പലരും പലതവണ ആ പ്രൊഫസറെ ആ പാതവക്കത്ത് കണ്ടിട്ടുണ്ട്...എന്നാ പറഞ്ഞു കേക്കണത്...‘

ഞാനതുകൂടി കേട്ടതും നടുങ്ങി വിറച്ചു. പക്ഷേ ആ മഴയിൽ ഞാനവരുടെ വീട്ടിൽ പോയതു തന്നെയല്ലേ. അവരുമായി ഏറെ നേരം സംസാരിച്ചതും കാപ്പി കുടിച്ചതും മടങ്ങാൻ നേരം കുട തന്നതുമാണല്ലോ...

‘ദേ നോക്കൂ...മാഷെ...ഞാൻ കണ്ടതാണ്..ആ പ്രൊഫസർ.. മഴ കൊള്ളാതിരിക്കാൻ ഈ കുടയും തന്നു”

അത് പറഞ്ഞ് ഞാൻ ബാഗു തുറന്നു

എന്നാൽ എന്നെ ഞെട്ടിച്ചുകൊണ്ട് ആ കുട ബാഗിൽ നിന്നും എപ്പോഴോ അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു. ●



# പ്രസിദ്ധീകരണരംഗത്തെ ബ്ലേഡ് മാഫിയകൾ



അശോകൻ സി.ജി

ഒരിക്കൽ ആരോ പറഞ്ഞു കേട്ടിട്ടുണ്ട് കൊച്ചിയിൽ ചെന്ന് കുറച്ച് മണലെടുത്ത് മേലോട്ട് ഇട്ടാൽ കുതിർന്നു വീഴുന്നതു മുഴുവൻ ബിടെക് കാരുടെ തലയിൽ ആയിരിക്കുമത്രെ..

ഇന്ന് കൊച്ചിയിൽ വേണ്ട കേരളത്തിലെ ഏതൊരു ആൾക്കൂട്ടത്തിനിടയിലും ചെന്ന് കുറച്ചു മണലെടുത്ത് മുകളിലേക്ക് ഇട്ടാൽ വീഴുന്നത് മുഴുവൻ കവികളുടെ തലയിലാവും.

എല്ലാവരും കവികൾ ആണ്.. പുസ്തകം കാണാത്തവരും വായിക്കാത്തവരും

ഒക്കെ കവികൾ തന്നെ.കവികൾ അംഗമായ എത്രയോ കവിതക്കൂട്ടായ്മൾ.., എഴുത്തുകൂട്ടങ്ങൾ ഉണ്ട്. ഓരോ എഴുത്തുകൂട്ടങ്ങളിലും മിനിമം 500 നടുത്ത് അംഗങ്ങൾ ഉണ്ടായിരിക്കും..എല്ലാദിവസവും കവിതയെഴുത്തും പാരായണവും ചർച്ചകളും.

അങ്ങനെ ഓരോ ദിനവും നൂറുകണക്കിനാണ് കവിതകൾ പുറത്തുവരുന്നത്.. സ്വാഭാവികമായും ഇതൊക്കെ സമാഹാരങ്ങളായും പുറത്തുവരും.കൂടാതെ കൂട്ടായ്മകൾ പലരും മുൻകൈയെടുത്ത് പുസ്തകങ്ങൾ പ്രിന്റ് ചെയ്തു ഇറക്കുന്നതും പതിവായിട്ടുണ്ട്.അക്കാര്യത്തിൽ എടുത്തുപറയാവുന്ന ഒരു മാതൃക

സൃഷ്ടിപഥമെന്ന ഫേസ്ബുക്ക് കൂട്ടായ്മയാണ്. ലാഭേച്ഛ കൂടാതെ എഴുത്തുകാരന്റെ താല്പര്യങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ട് വളരെ കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ അവസരം ചെയ്തുകൊടുക്കുന്നു..

എഴുത്തുകാരൻ സ്വന്തമായി പുസ്തകം പ്രസിദ്ധീകരണത്തിന് ശ്രമിക്കുകയാണെങ്കിൽ ഇതിനേക്കാൾ കൂടുതൽ വരും..സൃഷ്ടിപഥം ചെയ്യുന്നത് ഒരു മഹത്തായ കർത്തവ്യമാണ്..ഇതിനകം 400 എഴുത്തുകാരുടെ.. കവികളുടെ കഥാകാരന്മാരുടെ, ലേഖനകർത്താക്കളുടെ

ഒക്കെ രചനകൾ വെളിച്ചംകാണിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്..

എന്നാൽ ഇപ്പോൾ ഈ മേഖലയിൽ ഒട്ടേറെ തട്ടിപ്പുകൾ അരങ്ങേറുന്നുണ്ട്.

അതെന്താണെന്ന് നമുക്ക് പരിശോധിക്കാം.

***ആധുനിക ബ്ലേഡ് തട്ടിപ്പിന്റെ മറ്റൊരു രൂപം***

നിങ്ങളുടെ ഒരു കവിതയും, ഫോട്ടോയും, 1000/ രൂപയും അയക്കൂ..(കവിത 16 വരിയിൽ

കഴിയരുത്)ഞങ്ങൾ ഇറക്കുന്ന കവിതാ സമാഹാരത്തിൽ കവിത ഉൾപ്പെടുത്താം 5 പുസ്തകങ്ങൾ നിങ്ങൾക്ക് അയച്ചു തരും എന്ന മെസ്സേജുകൾ ( പരസ്യങ്ങൾ) കവികൾ അംഗങ്ങളായ എഴുത്തു കൂട്ടങ്ങളിൽ കൊടുക്കും.തങ്ങളുടെ രചനയിൽ അച്ചടിമഷി പുരളണം എന്ന് ആഗ്രഹിക്കുന്ന പുതിയ എഴുത്തുകാർ ഉടൻ തന്നെ ക്യാഷും ഫോട്ടോയും അയയ്ക്കും.70-80 കവിതകൾ അത്രയും പേജ് ഉള്ള ഒരു പുസ്തകം ഇറക്കുവാൻ ചെലവ് ഇതിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്നവർക്ക് ഏകദേശം എല്ലാ ചിലവുകളും അടക്കം 20000 രൂപ മാത്രമേ വരൂ..എന്നാൽ കവികളിൽ നിന്ന് ലഭിക്കുന്നതോ 80,000 രൂപ..ഒന്നോ രണ്ടോ മാസത്തെ കുത്തിക്കുറിക്കലുകളിൽ മാത്രം യാതൊരുവിധ അധ്വാനവും ഇല്ലാതെ ഒരാളുടെ കയ്യിൽ നിന്ന് മാത്രം അറുപതിനായിരം രൂപ പോക്കറ്റിൽ..അപ്പോൾ ഒരു മാസത്തിൽ പത്തോ ഇരുപതോ കവിതാ പുസ്തകങ്ങൾ ഇറക്കാൻ കഴിയുന്ന ഒരു പ്രസിദ്ധീകരണ ഉടമയുടെ ലാഭം നോക്കൂ..

***മുക്കിനു മുക്കിന് പബ്ലിഷേഴ്സ്...***

ഇന്ന് തൃശ്ശൂരിൽ കുറിക്ക മ്പനികളെ പോലെയാണ് പുസ്തക പ്രസിദ്ധീകരണ ശാലകളുടെ ബോർഡുകളും.പരസ്യങ്ങളും..

നമ്മൾ ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ആഗ്രഹം ആരോടെങ്കിലും പറഞ്ഞുകഴിഞ്ഞാൽ

ഏജന്റുമാർ നമ്മളെ കൂട്ടിക്കൊണ്ടുപോകും..

പിന്നെ വാഴ്ത്തുപാട്ടുകളും, പ്രമോഷൻ മോഹങ്ങളും പറഞ്ഞു നമ്മളെ കെണിയിൽ വീഴ്ത്തും.അവസാനം പൈസയും കൊടുത്തു പുസ്തകക്കെട്ട് നമ്മുടെ കൈയിലെത്തുമ്പോഴായിരിക്കും പെട്ടു പോയ സത്യം നമ്മൾ തിരിച്ചറിയുക.

ഇനി വൻകിട ബ്രാൻഡഡ് പബ്ലിഷേഴ്സിൻറെ അരികിൽ പോയാലുള്ള കഷ്ടതകൾ പലരും നേരിട്ട് പങ്കുവെച്ചിട്ടുണ്ട്. സ്വന്തമായി ഇറക്കുകയാണെങ്കിൽ സംഖ്യ കൊടുത്താൽ നമ്മുടെ പുസ്തകം പ്രിൻറ് ചെയ്താൽ നമുക്ക് കിട്ടും.എന്നാൽ അംഗീകൃത മുഖ്യബ്രാൻഡഡ് പബ്ലിഷേഴ്സ് ഉണ്ട്.അവർ ഏകദേശം 100 പേജ് 150 പേജ് വരുന്ന കവിതയോ കഥയോ ആയിക്കോട്ടെ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിന്(500കോപ്പി) 40000 ന് തൊട്ടുമുകളിലേക്കുള്ള സംഖ്യ മുൻകൂറായി വാങ്ങിക്കും.പിന്നീട് കെട്ടിഘോഷിക്കപ്പെട്ട രീതിയിൽ,പ്രമുഖ സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുള്ള പുസ്തക പ്രകാശനവും (അതിന്റെ ചെലവും ഗ്രന്ഥകാരൻ തന്നെ വഹിക്കണം).അവസാനം പുസ്തകത്തിന്റെ കോപ്പികൾ അവരുടെ ബ്രാൻഡഡ് ഡെപ്പോയിൽ ഒതുങ്ങിയിരിക്കും എഴുത്തുകാരന് പത്തോ ഇരുപതോ കോപ്പി കിട്ടിയെങ്കിൽ ആയി..സെയിൽസിനനുസരിച്ച് റോയൽറ്റികൊടുക്കാം എന്നാണ് കരാർ..എന്നാൽ വർഷത്തിൽ ഒന്നോ രണ്ടോ തവണ നടത്തുന്ന പുസ്തകമേളയിൽ മാത്രം വല്ല പുസ്തകങ്ങൾ ചെലവായി എന്ന് വരാം.

***ആളൊഴിഞ്ഞ വായനശാലകൾ***

ദിനംപ്രതി പുസ്തകങ്ങൾ പ്രകാശനം ചെയ്തു പുറത്തുവരുന്നുണ്ടെങ്കിലും അതിന്റെ കോപ്പികൾ വായനശാലയിൽ എത്തുന്നുണ്ടെങ്കിലും വായനക്കാരുടെ സന്ദർശനം വളരെ കുറഞ്ഞിരിക്കുന്നു.

ഇന്ന് വായനശാലകൾ നിലനിൽക്കുന്നുണ്ടെങ്കിലും വായനക്കാരില്ലാതെ അവ ശൂന്യമായ അവസ്ഥയിലായിരിക്കുന്നു. പുസ്തകങ്ങൾ ഏകാന്തതയിൽ പുതിയ കഥകൾ കുറിക്കുന്നുണ്ടാകും. ഇത് യുവ എഴുത്തുകാരുടെ കാലമാണ്. അതോടൊപ്പം സ്റ്റോറി ടെല്ലർ ആപ്പുകളുടെ കടന്നുകയറ്റവും. എത്രയൊക്കെ ആപ്പുകൾ പുതിയതായി വന്നാലും പുസ്തകങ്ങളിൽ നിന്നും കിട്ടുന്ന വായനാസുഖത്തിനും വായന അനുഭവത്തിനും പകരം വെക്കാനാകില്ലല്ലോ.

***പുസ്തക പ്രകാശനം ജന്മസാഫല്യം***

പുതിയ എഴുത്തുകാരുടെ ജന്മസാഫല്യമാണ് തങ്ങളുടെ ഏതെങ്കിലും രചനകൾ അച്ചടിച്ച് വരികയെന്നത്. അതിനവർ എന്തും സഹിക്കാനും വിട്ടുവീഴ്ചയ്ക്കും സാമ്പത്തിക സഹകരണത്തിനും തയ്യാറാകും. ഇത് മുതലെടുത്തു കൊണ്ട് ബ്ലേഡ് മാഫിയക്കാരുടെ ചിന്താഗതിയിൽ പരമാവധി ഇവരെ മുതലെടുക്കുന്നതിനായി തയ്യാറായ കോക്കസ്സുകളുടെ ഗ്രൂപ്പുതന്നെയുണ്ട്.

ശരിക്കും മലയാളം കൂട്ടിയെഴുതാൻ പോലും അറിയാത്തവർ ഇവരുടെ കൂട്ടത്തിൽ ഉണ്ട്.

പുതിയ എഴുത്തുകാരോട് പറയാനുള്ളത് ഇതാണ്. നിങ്ങളുടെ മനസ്സിലെ മോഹങ്ങൾ പൂവണിയാനുള്ള മുന്നോട്ടുള്ള യാത്രയിൽ ഇത്തരം കെണികളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുക. മുന്നോട്ടുള്ള യാത്രയ്ക്ക് സുഗമപാതകൾ തെരഞ്ഞെടുക്കൂ..



# ഉമ്മാമ



ഷഫീന സൈത്തൂൻ

ഉദയത്തിന്റെ നിറപ്പകിട്ടൊക്കെയും മുറുക്കിച്ചു
വന്നെന്റെ ഉമ്മാമ്മ
ചുണ്ടുകളിൽ തൊട്ടുവയ്ക്കും

പക്ഷിപ്പാട്ടിന്റെ ഈരടികളെ തത്തിക്കൊണ്ട്
അതിരാവിൽ ഉരൽക്കളത്തിലേക്കിറങ്ങും

നെല്ലിൻമണികളെ ഉൾവേവുകൾക്കൊപ്പം
പൊള്ളിച്ചെടുത്ത് ചിരട്ട ക്കോരികൊണ്ട്
ഉരലിലിടും

ഒപ്പമുള്ള പെണ്ണാളുകൾക്കൊപ്പം
ഉലക്കകൊണ്ടരിമണിചതച്ച്
അവൽ പോലെ ജീവിതത്തെ
പാകമാക്കിയെടുക്കുമ്പോൾ
സന്തോഷത്താൽ കാതുകളിലെ
അലുക്കത്തുകൾ
ഇളകിയാടുന്നത് വടക്കേപ്പുറത്ത്
ഞാൻ നോക്കിയിരിക്കും

വെളുത്ത,
കരിമ്പൻപ്പുള്ളിവീണ മസ്ലിൽമുണ്ടിന്റെ
കോന്തലയിൽ
പണമെണ്ണി വയ്ക്കുമ്പോൾ
പ്രാരാബ്ധം കണ്ടിട്ട്
ആകാശക്കീറുപോലും
കറുക്കും.

ആത്മഗതങ്ങളുടെ ഓലച്ചീളുകളിൽ നിന്നും
ജീവിക്കാനുള്ള
കണക്കുകളെ
പൊടിതട്ടിയെടുക്കുമ്പോൾ
മഴക്കാലത്തിനു ഋതുവൊരുങ്ങും.

ഉമ്മാമയുടെ മേൽക്കമ്മൽ
'ഇട്ടു തരുമോ'
എന്നു ചോദിക്കുമ്പോൾ
സങ്കടത്തിന്റെ
മഴക്കോളാകെ
ഞാനാമുഖത്തുകാണും

'ന്റെ ബദരീങ്ങളെ'
ഒക്കെയും പുരമേഞ്ഞനേരം അടുക്കളക്കോലാ
യിൽ ഊരിവെച്ച് കളഞ്ഞുപോയല്ലോ'

എന്ന്,
എന്നെ നോക്കി പിറുപിറുക്കും.

ചുണ്ണാമ്പുമണമുള്ള വിരലുകൾകൊണ്ടെന്റെ
കട്ടകെട്ടിയ ചുരുൾമുടി
കോതിയൊതുക്കിവയ്ക്കും

ആയിരത്തൊന്നു രാവുകളിലെ
ഷെഹ്റാസാദിനെപ്പോലെ
ഓരോരാവിലും
ഓരോ കഥപറഞ്ഞെന്നെ
ഉറക്കും

ജിന്നിന്റ കഥപറയുമ്പോൾ
കാട്ടുകൂമന്റെ കണ്ണുകളെ
ഞാനാ മുഖത്തു കാണും.

ജിഫ്രീത്തിന്റെ കൊട്ടാരത്തിൽ
തടവിലാക്കപ്പെട്ട
രാജകുമാരിമാർക്കൊപ്പം
വെറുതെ
ഞാനും കാത്തിരുന്നിട്ടുണ്ട്,
രക്ഷിക്കാൻ വരുന്ന വെള്ളാരം കണ്ണുള്ള
രാജകുമാരൻ എനിക്കുള്ളതാണെന്ന്
തീർച്ചപ്പെടുത്താൻ

ഇന്ന്
എന്നോടു തന്നെ പറയുന്നു,

ഓരോ ഉമ്മാമമാരും
കഥകളുടെ കൊട്ടാരമാണെന്ന്,,,

ഓരോ ഉമ്മാമമാരും
കഥകളൊക്കെ മറന്ന് വെയിൽമേഞ്ഞ
മൈലാഞ്ചിക്കാടുകളിൽ
വീണടർന്നുപോകുമെന്ന്,,,

നിത്യതയുടെ
എന്റെയീ അക്ഷരങ്ങളിൽ ഉമ്മാമ
പതിഞ്ഞുകിടക്കുന്നതു പോലെ
മരണത്തിന്റെ മധുരം നുണയാൻ
ഉമ്മാമ
അന്ന്-
ഉറങ്ങാൻ പോയതാണ്..!







# ദൈന്യ ചിത്രം

അച്ഛൻ തീർന്നപ്പോൾ
കെട്ടുപോയ അമ്മവിളക്കിൽ
നുറുങ്ങുവെട്ടം പകരുന്നൊരു
മിന്നാമിനുങ്ങ്..

തിന്നുമുടിച്ച് വീർത്തുന്തി
ഏമ്പക്കംപോലും വിടാനാവാത്ത
വയറുകൾക്കു മധ്യേ
രണ്ടു വറ്റുകൊണ്ടൊരു
സ്വർഗ്ഗരാജ്യം പണിയുന്നു..

ആർത്തിയോടെ തുറക്കുന്ന
അവളുടെ വായിലേക്ക്
കരുതലിന്റെയൊരു
കുഞ്ഞുകൈ നീണ്ടുചെല്ലുമ്പോൾ
ആർദ്രതയുടെയൊരു ലോക നിലവാരമുള്ള ചിത്രം
ഹൃദയഭിത്തിയിൽ ഒട്ടിച്ചുവെക്കപ്പെടുന്നു..

ഒറ്റപ്പെടലും നിസ്സഹായതയും
ഒരുമിച്ചെത്തി
മുന്നിൽ മുള്ള് വിതറിയപ്പോൾ
ഇരുണ്ട വഴികളിൽ കൈപിടിക്കാൻ
ചോര തന്നെയാണാശ്രയം..

മുഷിഞ്ഞയുടുപ്പും
പാറിയ തലമുടിയും
ക്ലാവ് പിടിച്ച പിച്ചളപ്പാത്രവും
ദൈന്യതയുടെ ആഴം
ആഴത്തിൽ വരച്ചിടുന്നു..

നോക്കി നിൽക്കുന്ന
ദാരിദ്ര്യനിർമാർജ്ജന കൂട്ടായ്മകളും
ഈ ചിത്രം പ്രദർശിപ്പിച്ച്
ലോകമാർക്കറ്റിൽ
പട്ടിണിക്ക് വിപണിയുണ്ടാക്കുന്നു..



– സെയ്തലവി വിളയൂർ

# വെർജീനിയ വൂൾഫ് വായിച്ചുതുടങ്ങുമ്പോൾ



– ഡോ. അജയ് നാരായണൻ



ഒരു നൂറ്റാണ്ടിനും മുന്നേയെന്ന്
രേഖപ്പെടുത്തിയാൽ
ഒരു യുഗത്തിനും മുന്നേയെന്നും
അറിയുക!

അന്ന്,
ഓക്സ്ഫഡ് കോളേജ്
ക്യാമ്പസ്സിലെ
ലൈബ്രറിയിലെത്തിയ
വെർജീനിയാ വൂൾഫിന്റെ
പദനിസ്വനം കേട്ടാവാം
മൗനത്തിനും വചനത്തിനുമിടയിൽ ജനിച്ച
പുസ്തകങ്ങൾക്കു ചിറകു വിതിർന്നു
വാക്കുകൾക്കർത്ഥരശ്മിയുദിച്ചു
അക്ഷരങ്ങൾ വർണ്ണശലഭങ്ങളായി...

താളുകളിൽ മയങ്ങിയതെല്ലാം
വായുവിലാർദ്രമായി, സ്വപ്നമായി
ഗ്രന്ഥലോകവസന്തമായി,
വിപ്ലവവിസ്മയമായി.
ഇരുട്ടിനെയടർത്തിമാറ്റി
ഇരട്ടവാലനെ തള്ളിയകറ്റി
മരിച്ചവർ ഉയിർത്തെഴുന്നേറ്റു.
ഹോമർ, സോക്രട്ടീസ്
ഷേക്സ്പീയർ...
അവരെല്ലാം പാപ്പിറസ്സ് മുളകളായി
പുനർജ്ജനിച്ചു.

മറവിരോഗത്തിന്നടിമകൾ
തിമിരം ബാധിച്ചവർ
ചെകിടു പൊട്ടിയവർ
ശവപ്പെട്ടിയിലള്ളിപ്പിടിച്ചു.
പുതിയ ലോകം അവർക്കുള്ളതല്ലത്രേ!

കഥയറിഞ്ഞ പാപ്പിറസ്സുകൾ
ആവേശമാർന്നു മുളച്ചുപൊന്തി
കാലത്തിനു നേരെ
കടലാസ്സുപട്ടങ്ങളായുയർന്നു.
നൈലും യാങ്ടീസും
ടൈഗ്രിസും യമുനയും നിളയും
നാളെയുടെ കൂലമൊരുക്കി.

എങ്ങും ഹരിതവർണ്ണം
വാങ്മയചിത്രം വരച്ചു.

അക്ഷരങ്ങൾക്കെന്തു ചന്തം,
കടലാസ്സിനെന്തു ചൈതന്യം,
**പാപ്പിറസ്സിനു ജന്മസാഫല്യം.

ചീനയിലുദിച്ച വർണ്ണക്കടലാസ്സുകൾ
അക്ഷരങ്ങളെ ക്ഷണിച്ചു,
സംസാരിക്കുന്ന കടലാസ്സുകൾ
പുസ്തകങ്ങളിൽ
പല ഭാഷകൾ പറഞ്ഞു.
പടിഞ്ഞാറൻ കാറ്റിൽ
മഷിത്തൂവലുകൾ മൂളിപ്പാട്ടുകളെഴുതി
കാലമതേറ്റുപാടി.

എന്നിട്ടും
വെർജീനീയയെ കണ്ട
വാതായനങ്ങൾക്കു കലിയിളകി
ചുവപ്പേറ്റ കാളകളായി.
അവയലറി,
“ഹേ, സ്ത്രീയേ,
ഇവിടം നിങ്ങൾക്ക് നിഷിദ്ധം,
കടക്കൂ പുറത്ത്”.
വായനമുറിയിലെ
വരണ്ട മതിൽപ്പുറങ്ങളിൽ
ആണികളിൽ തൂങ്ങിയ
എണ്ണഛായാചിത്രങ്ങളിലെ
പുരുഷമുഖങ്ങളുടെ
കൺകോണുകളിൽ
പുച്ഛം തീയുണർത്തി.

അക്ഷരങ്ങളുടെ കാവൽക്കാരന്റെ
ചൂണ്ടുവിരൽത്തുമ്പിലെ
നിറമാറ്റം കണ്ടവൾ അന്തിച്ചു,
നിരാസത്തിൽ ഒരു മാത്ര സ്തംഭിച്ചു,
പെണ്ണവൾ പിന്നെ തലയുയർത്തി
അക്ഷരങ്ങളെ ചമച്ചു,
എന്നിട്ടും ഒച്ചവായന നിലച്ചു.
കേൾക്കാനാരുമില്ലാതെ
മതിലുകളിൽ തലയിടിച്ചു
പെണ്ണക്ഷരങ്ങൾ പുളഞ്ഞു.

വരികൾക്കിടയിൽ കനം തൂങ്ങിയ
അർത്ഥങ്ങളോടെ
താളുകൾ മൗനികളായി.
ഏങ്ങിയേങ്ങിക്കരഞ്ഞ
ഇതിഹാസങ്ങളുടെ ആത്മാവുകൾ
ചില്ലലമാരികളിൽ ചിതലരിച്ചു.

പിന്നെ, നീണ്ട മൗനവായന,
താളലയമായ് ലിപി വിന്യാസം
സ്വയമറിഞ്ഞ നിറവായന!
ഉൾവലിഞ്ഞയക്ഷരങ്ങൾ...
വെന്തുനീറിയ ധ്വനികളാൽ
വെർജീനിയ ഫീനിക്സായി

പുനർവായനയിൽ
പുനരാഖ്യാനത്തിൽ
പുത്തൻ രൂപങ്ങളിൽ
അടച്ചിട്ട വാതിലുകൾ
ചവിട്ടിത്തുറന്നു
വായുവിൽ നൃത്തമാടി,
ആധുനികാക്ഷരങ്ങൾ
പല ഭാഷകളിൽ...
ഒച്ചയാർന്നയക്ഷരങ്ങൾക്കെന്തു ശക്തി!

അക്ഷരവെളുപ്പിൽ
ആകാശനീലിമയിൽ
നക്ഷത്രമിഴികൾ തുറന്നു
വെർജീനിയ വായിച്ചുതുടങ്ങി,
കുറിച്ചുതുടങ്ങി.

മണ്ണിലതേറ്റുപാടി
വിറവാർന്ന പല ചുണ്ടുകൾ,
നിറവാർന്ന നനുമുത്തുകൾ
ചുവടാർന്ന ചെന്താരകൾ.

അനുരണനം -
കുടമണി കൊമ്പിൽ കെട്ടിയ
കാളകൾ വലിക്കും വില്ലുവണ്ടിയേറി-
യച്ഛന്റെ കൈപിടിച്ചുവരുന്നുണ്ട് പഞ്ചമി
അക്ഷരങ്ങളെപ്പുണരാനിവിടെയും.

*വെർജീനിയ വൂൾഫ് ഇംഗ്ലണ്ടിൽ ജനിച്ച സാഹിത്യകാരി. സ്ത്രീകളും ദളിതരും പുസ്തകങ്ങൾ വായിക്കരുത്, വിദ്യ അഭ്യസിക്കരുത്, വോട്ട് ചെയ്യരുത് എന്നു കരുതിയ കാലം മറഞ്ഞിട്ട് അധികമായിട്ടില്ല. അവരെക്കുറിച്ചുള്ള ചിന്ത, അക്ഷരച്ചിന്തയാണ്. ഈയിടെ വായിച്ച ഒരു ലേഖനം പ്രചോദനം.*

***പാപ്പിറസ്സ് മുളകളിൽനിന്നും കടലാസ്സ് ആദ്യം രൂപപ്പെട്ടത് ചൈനയിൽ ആണ്.*

കവിത

# മായാജാലക്കാരി



മഞ്ജു ഗണേഷ്

ഉള്ളിലേക്ക് വലിഞ്ഞ്
ചില നിഗൂഢതകൾ നിറച്ച്
ആർക്കും എത്തിച്ചേരാൻ സാധിക്കാത്ത തരത്തിൽ
ചിലവഴുവഴുക്കലുകൾ
ചുറ്റിനും നിറയ്ക്കും

അതിൽ നിന്നുകൊണ്ട്
ആരുമറിയാതെ
ആരും കാണാതെ....

ഏതോ വിഹംഗം തൻ
മാറിലൊളിപ്പിച്ച രാഗം തിരയുന്നു

പുല്ലാംകുഴൽ സുഷിരങ്ങളിൽ നിന്ന്
നക്ഷത്രങ്ങൾ ഉതിർക്കുന്നു

ചിത്രശലഭങ്ങളുടെ താഴ്വരകൾ തിരയുന്നു

ഇലകളുടെ താളത്തിനൊത്ത്
നൃത്തം ചെയ്യുന്നു

ഏതു നേരത്തും ഉൾകാമ്പിൽ ഒരു തീ
അണയാതെ കത്തിക്കൊ ണ്ടേയിരിക്കും
ആരും എത്തിനോക്കിയി ല്ലെങ്കിൽ
എരിഞ്ഞെരിഞ്ഞ് ചാരമായിക്കോളും

ആരെങ്കിലുമൊന്ന് കണ്ടുപിടിച്ചു പോയാൽ
പടർന്നുപടർന്നു
കാട്ടുതീയായുരുക്കിക്കളയും
പിന്നെ ഒന്നും ബാക്കിയുണ്ടാവില്ല

ഉള്ളിലെ തീയ്ക്കുമപ്പുറം
അകം നനവുണ്ട്
അത് കണ്ടെത്തിയാൽ

കാട്ടുപൂക്കളും കാട്ടുചോലകളും നിറഞ്ഞ

കാട്ടുപഴങ്ങൾ കൊത്തിയെടുത്തു പറക്കുന്ന
പേരറിയാ പക്ഷികൾ നിറഞ്ഞ

സ്നേഹവും സുഗന്ധവും നിറഞ്ഞ

സ്വപ്നലോകത്തിലൂടെ ഒരു യാത്ര പോവാം



കവിത

# കനൽക്കാട്



നിമിഷ


ഇരുട്ടിന്റെ മറുവശത്ത്
പടർന്നു പന്തലിച്ചു
കിടപ്പുണ്ട്  കനൽക്കാട് ഏകാന്തതയുടെ
ഇരുട്ടിന്
സൈ്വര്യവിഹാരത്തിനായി

പല്ലുകൾ കൂർപ്പിച്ചു
നഖങ്ങൾ നീട്ടി
എഴുന്നേറ്റു വരുന്നുണ്ടാവും
 കാടിനെ മൊത്തം
തിന്നു തീർക്കാനുള്ള ഇരുട്ട്

മറ്റു ചിലപ്പോൾ അത് ഗഗനത്തെ പട്ടമാക്കി
പറപ്പിച്ചു കളയും
ചിലപ്പോളത് പുതപ്പാക്കിയേക്കാം
ചുഴലിയിലേക്ക് തട്ടിക്കളഞ്ഞു
പകലിനെ ഒളിപ്പിക്കുന്ന കുസൃതി....

എന്നെയൊരു നിഴലാക്കി
 ചുവരിൽ പറ്റിക്കും
പിന്നീടൊരു തൂണാക്കി
 കഴുക്കോൽ കയറ്റും
കറുത്ത മുറിയിലേക്ക്
 വാരിയെടുത്തു
ശ്വാസം മുട്ടിക്കും
കുസൃതി.....

കോടതി മുറിയിൽ എന്നെപ്പോലെ
ആ രാവിന്റെ
കുരുക്കിൽ
എന്നും സംഭവിക്കാറുണ്ട്
 ഓരോ ആത്മഹത്യകൾ...



# എമീലിയ



ഉഷ കെ.



എമീലിയ* പറയുന്നു
മതി, നീയാ
പഴയ ശോകഗാനം* മൂളുന്നത്.
കനിവിനായ് കേണ് തളരുന്നത്.
കണ്ണുനീരുപ്പിനാൽ നീ നട്ടു വളർത്തിയ
നട്ടെല്ലില്ലാത്ത
അരളിച്ചെടികൾ* പിഴുതെറിയുക
നമുക്കിനി നടാ,മവിടെ കരളുറപ്പുള്ള വൃക്ഷ
ങ്ങൾ-
കാലം തളർത്താത്ത
ഓക്ക്,
അതിജീവനത്തിൻറെ-യുടൽ പേറും
പൈൻ,
ജീവൻറെ വൃക്ഷമായ
ബോവാബാബ്,
അങ്ങനെയേതെങ്കിലും.
ഇനി,യേൽക്കരുതൊരു
ചെയ്യാക്കുറ്റവും-
താലിച്ചരടിൽ കോർത്തുനടക്കുവാൻ.
കഥകളുണ്ടേറേ പറയുവാൻ-
വേറെയുമുണ്ട് മൂകരായ്
ഒഫീലിയ, ജൂലിയെറ്റ്, കോർഡീലിയമാർ
ചുറ്റിലും.
തിരയാ,മതെഴുതാനൊരു
പുകഴ്പെറ്റ നാടകക്കാരൻറെ പെണ്ണുങ്ങളെ*
അവളുടെ പേനത്തുമ്പിൽ പുരണ്ട
നിരാസത്താൽ
വിരിയട്ടെ
പുതിയ സ്നേഹഗാഥകൾ
ഉണർവിൻ ലിംഗനിർവചനങ്ങൾ

*******************************************

*ഡെസ്ഡിമോണയുടെ കൂട്ടുകാരി
*വില്ലോ ഗാനം
*വില്ലോ
*ഷേക്സ്പിയറിൻറെ പെണ്ണുങ്ങൾ -വെർജിനിയ
വുൾഫിൻറെ സൃഷ്ടി

കവിത





നിബിൻ കള്ളിക്കാട്

# ഒറ്റവരി കനൽ കവിതകൾ

1) പ്രത്യയശാസ്ത്രം : -ആറടിമണ്ണിന് പ്രത്യയശാസ്ത്രമില്ലന്ന്
2) വംശനാശം :- ആദ്യ വംശനാശം മനുഷ്യത്വമാണെന്ന്
3) സ്വപ്നം :- സ്വപ്നം മറവിയുടെ രാജ്യമാണെന്ന്
4) മിഴിനീർ :- മിഴിനീരിൽ മോഹത്തിന്റെ മീനുണ്ടെന്ന്
5) തെളിമ :- കുരുതിയിൽ ജീവിതം തെളിയുമെന്ന്
6) പക :-രാഷ്ട്രീയമൊരു പകയുദ്ധമാണെന്ന്
7) വിശപ്പ് :-വിശപ്പിന്റെ മേഘത്തിൽ മിഴിമഴയുണ്ടെന്ന്
8) ചതി :-ചതിയുടെ മറുമരുന്ന് അവഗണനയിലെന്ന്
9) അർഥം :- ജനിപ്പിച്ച ബീജത്തിന് ജാതിയറിയില്ലെന്ന്
10) ദാരിദ്ര്യം :-കട്ടൻചായയിലും വിശപ്പുണ്ടെന്ന്
11) സമയം :- മൃതിയെത്താൻ തുടിക്കുന്ന ഹൃദയമെന്ന്
12) ആധാരം :- മരിച്ചവരുടെ കണ്ണിനു കാഴ്ച്ചയുണ്ടെന്ന്
13) മറവി :-കുഴിച്ചുമൂടിയ ചരിത്രത്തിനു വസൂരിയെന്ന്
14) രക്ഷ :- ആത്മഹത്യക്ക് രക്ഷയെന്നർത്ഥമാണെന്ന്
15) ദുഃഖം:- പോറ്റമ്മയുടെ മുലയിൽ വിഷം ചുരന്നെന്ന്
16) സമരം :- വിപ്ലവമോഹം ചിതയിലും ദാഹിച്ചെന്ന് .
17) ഉത്തരം :- അമ്മയുടെ പേരനാഥ തെരുവാണെന്ന്
18) കാലം :- ബാല്യം മനുഷ്യമൊട്ടിന്റെ വസന്തമെന്ന്
19) നേട്ടം:- ചതിയുടെയന്ത്യം ലോകാവസാനമെന്ന്
20) വാശി :- പകയുടെ വിരുന്നിൽ മരണമുണ്ടെന്ന്
21) ഋതു :- മരണം മഞ്ഞുപോലെ തണുത്ത വേദന
22) വിശ്വാസം :- വിശ്വാസം മോഷ്ടിക്കപ്പെട്ട കള്ളമാണെന്ന്
23) നേതാവ് :- അഴിമതിയിലൂടെയിനിയും നേതാവാകാമെന്ന്
24) ആട്ടം :- അധികാരമെന്നത് പണമൊഴുക്കാണെന്ന്
25) ഭരണം :- രാജകൊട്ടാരമൊഴികെ ചുറ്റും ദാരിദ്ര്യമെന്ന്..
26) വിവാഹം:- സ്വാതന്ത്ര്യമെന്നും കുരുക്കിലാണെന്ന്
27) അടുക്കള:- അവളിടങ്ങളിലാരോ പേരിട്ട പറുദീസ്സ
28) മരണം :-അവളിറങ്ങിയപ്പോൾ വീടുമരിച്ചെന്ന്
29) പകർച്ച :-മക്കളുടെ വിശപ്പ് പകരുകയമ്മയിലാണ്
30) ചൂൽ :- കെട്ടിയൊരുക്കി ചവറിലെറിഞ്ഞതെല്ലാം
31) പരാതി:- വിളക്കണഞ്ഞിട്ടും അടുക്കളയിലവളെരിഞ്ഞു.
32) ദുഃഖം :- സന്തോഷത്തിന്റെ അവസാന വേര്
33) സങ്കടം :- കൊല്ലുന്നതിനു മുൻപും സ്നേഹിച്ചെന്ന്
34) വിശ്വാസം :- മരിച്ച സ്നേഹത്തിൽ പിറന്നയൊന്ന്....
35) പാചകം :- കുറ്റങ്ങളിൽ പഴകിതിളച്ചൊരു പുഞ്ചിരി

# മനുഷ്യ മരങ്ങൾ



രാജു കാഞ്ഞിരങ്ങാട്.

അവന്റെ മനസ്സിൽ സദാ സമയവും അവ
ളായിരുന്നു. അവളെ സ്വന്തമാക്കുന്നത്
എന്നും അവൻ സ്വപ്നം കണ്ടു. നല്ല മഞ്ഞു
പെയ്യുന്ന ഒരു രാത്രിയായിരുന്നു
അന്ന്. അവളേയുമോർത്തുകൊണ്ട്
മൂടിപ്പുതച്ച് അവൻ കിടന്നു. തുറന്നു വച്ച
ജനലിലൂടെ മഞ്ഞിൽ പുതഞ്ഞ നിലാവ്
എത്തി നോക്കുന്നുണ്ടായിരുന്നു. എപ്പോ
ഴാണ് ഉറങ്ങിപ്പോയതെന്നറിയില്ല. കിളി
വാതിലിനരികിൽനിന്നുള്ള ശബ്ദമാണ്
അവനെ ഉണർത്തിയത്.അതാ അവൾ
റോസാദളം പോലെ ചുവന്നു തുടുത്ത്
മാടി വിളിക്കുന്നു. പെട്ടെന്ന് വാതിൽ തുറ
ന്ന് പുറത്തിറങ്ങി.പെയ്തുനിൽക്കുന്ന
മഞ്ഞിലൂടെ നിലാവലയിലൂടെ പരസ്പരം
കൈകോർത്ത് അവർ നടന്നു.അങ്ങനെ നടന്ന്
കുന്നിൻ മുകളിലെത്തുമ്പോഴേ
ക്കുംനേരം വെളുത്തു പോയി .എങ്ങനെ തിരി
ച്ചിറങ്ങും. ആളുകൾ ആരവങ്ങളോ
ടെ അടുത്തടുത്ത് വരികയാണ്. ഇനിയെ ന്തും
സംഭവിക്കാം. അവർ ആ കുന്നിൻ പുറത്ത് ക
ണ്ണിറുക്കെ അടച്ച് കെട്ടിപ്പിടി
ച്ചു നിന്നു.ആകുന്നിൻ പുറത്ത് ഇന്നും
കാണാം കെട്ടിപ്പുണർന്നു നിൽക്കുന്ന
ഇലകൊഴിഞ്ഞ രണ്ടു മരങ്ങളെ.എന്നും
അവർ രാത്രിയിൽ മനുഷ്യരായി ആ
പ്രദേശത്ത് ചുറ്റി നടക്കാറുണ്ട് പോലും.



# ആത്മായനങ്ങൾ

കവിത



ഓരോ ബന്ധത്തിനും
ഒരു നിശ്ശബ്ദ തുടക്കമുണ്ട്.
ഒരു ചിരിയുടെ അറ്റത്ത്,
ഒരൊറ്റ സ്പർശത്തിന്റെ ചൂടിൽ.
അവിടെ നിന്നാണ് ആരംഭിക്കുന്നത്
ആത്മായനങ്ങൾ –
മനസ്സിൽ നിന്ന് മനസ്സിലേക്കുള്ള
അദൃശ്യ പാലങ്ങൾ.

കാലം കടന്നുപോകുമ്പോൾ
വാക്കുകൾ ക്ഷീണിക്കുന്നു,
പക്ഷേ കണ്ണുകൾ പറയുന്ന ഭാഷ
ഒരിക്കലും മരിക്കില്ല.
ഒരാളുടെ കണ്ണിലെ നിഴൽ
മറ്റൊരാളുടെ ഓർമ്മയായി മാറുമ്പോൾ,
അത് ആത്മായനത്തിന്റെ ദ്വാരമാണ്.

എത്രയോ കൈകൾ തൊട്ടുപോയി
എന്റെ ജീവിതം.
ചിലത് പൂവായി വീണു,
ചിലത് മുറിവായി.
എന്നാലും അവയൊക്കെയും
മനസ്സിന്റെ നിലാവിൽ തെളിഞ്ഞ
ഓർമ്മക്കല്ലുകളാണ്.

നിശ്ശബ്ദമായ ഒരു രാത്രി,
മഴയുടെ താളത്തിൽ ഞാൻ കേട്ടു.
നിനക്ക് പറയാൻ കഴിഞ്ഞില്ലാത്ത
വാക്കുകളുടെ സംഗീതം.
അത് ഇന്നും മിഴിവോടെ മുഴങ്ങുന്നു,
ഒരു മറന്ന കത്തിലിലെ മണമെന്നപോലെ.

ബന്ധങ്ങൾ എല്ലായ്പ്പോഴും
തുടർന്ന് പോകുന്ന പാതകളല്ല;
ചിലപ്പോൾ അവ മുറിഞ്ഞുനില്ക്കും,
പക്ഷേ അവയുടെ ശബ്ദം
ഉള്ളിലൊരിടത്ത് തുടരും,
നമ്മൾ ഇനി കാണാതിരിക്കുമ്പോഴും.

ആത്മായനങ്ങൾ അതാണ് –
നമ്മളെ ചേർത്തുവെച്ച ഓർമ്മകളുടെ
അദൃശ്യ കയറുകൾ.
അവ പൊട്ടിയാലും ബന്ധം പൊട്ടില്ല;
അവൻറെ പ്രതിധ്വനി
ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടേയിരിക്കും.

ഒരിക്കൽ കേട്ടു,
അവൻ ശാന്തമായിരുന്നുവെന്ന് –
ആ വാക്കിൽ വീണു മൗനമായതെൻ മനസ്സ്.
കാലം കടന്നുപോയിട്ടും,




– അഡ്വ. നളിനാക്ഷൻ
ഇരട്ടപ്പുഴ


ഓർമ്മയുടെ വെള്ളനിഴലിൽ
നിന്നെ കാണാറുണ്ട് ഞാൻ,
നിശ്ചലമായ മുഖമായി,
മൗനത്തിന്റെ തെളിച്ചത്തിൽ.

നമ്മൾ പറഞ്ഞ വാക്കുകളേക്കാൾ
കൂടുതൽ പറയുന്നത് മൗനമാണ്.
മൗനം – ആത്മാവിന്റെ ശബ്ദം,
ബന്ധത്തിന്റെ ആഴം,
മനസ്സിന്റെ മൃദുലത.

അതുകൊണ്ടാണ് ഞാൻ ഇപ്പോഴും
ഓരോ മുഖത്തിലും തിരയുന്നത്
നിന്റെ മുഖത്തിന്റെ പ്രതിബിംബം,
ഓരോ ഓർമ്മയിലും കേൾക്കുന്നത്
നിന്റെ ശ്വാസത്തിന്റെ ശാന്തത.

ആത്മായനങ്ങൾ –
അവസാനമില്ലാത്ത ബന്ധങ്ങളുടെ യാത്ര,
സ്നേഹത്തിന്റെ മൃദുസംഗീതം,
മനസ്സിന്റെ നിത്യാമ്പോഷണം.



അനിൽ മണ്ണത്തൂർ



# ഹൃദയമില്ലാത്തൊരാൾ

ആസ്മയുടെ ഇരമ്പൽ. അത് ശ്വാസകോശത്തിൽ ഒരു കടൽക്ഷോഭം തീർത്തു. ഓരോ ശ്വാസം പുറത്തുവിടുമ്പോഴും, ഉള്ളിൽനിന്നൊരു വിങ്ങൽ... 'ഹൃദയമില്ലാത്തവൻ.. ഹൃദയമില്ലാത്തവൻ...'

ചുമരിലെ കലണ്ടർ താളുകൾക്കെല്ലാം മഞ്ഞനിറം. ജനലിലൂടെ ഊർന്നിറങ്ങുന്ന വൈകുന്നേരവെളിച്ചത്തിന് പോലും രാഘവന്റെ മുറിയിൽ ഒരു ശോകച്ഛായ. കാലം കവർന്നെടുത്ത ഊർജ്ജസ്വലത, ഇപ്പോൾ ഈ വിറങ്ങലിച്ച ശരീരത്തെ ഒരു കട്ടിലിൽ തളച്ചിട്ടിരിക്കുന്നു. ഈ മുറിയിൽ, ഈ കിടക്കയിൽ, രാഘവൻ ഇപ്പോൾ ഒരു കാഴ്ചക്കാരൻ മാത്രമാണ്.തന്റെ കഴിഞ്ഞകാല ജീവിതത്തിലെ ദുരന്തനാടകങ്ങൾക്ക്.

അയാൾ ചെവികൂർപ്പിച്ചു. ഇരുളിന്റെ മറവിൽ നിന്ന് ആരോ മന്ത്രിക്കുംപോലെ, വീണ്ടും ആ നേർത്ത മുരൾച്ച. 'ഹൃദയമില്ലാത്തവൻ...'

അതാരാവാം രാധ? അതോ സീന? അതോ... അതോ താൻ ഉപേക്ഷിച്ച ആ പാവം പെൺകുട്ടിയുടെ ശാപമാണോ?

'ഏയ്... രാധ. അവൾക്കതിനാവില്ല.' രാഘവന്റെ ചുണ്ടുകൾ അറിയാതെ മൊഴിഞ്ഞു. രാധയുടെ മുഖം അയാളുടെ മനസ്സിൽ തെളിഞ്ഞു. കറുത്തവാവിലെ വെളിച്ചംപോലെ മങ്ങിയതെങ്കിലും ശാന്തമായ ഒരു മുഖം. പരിഭവത്തിന്റെ നേർത്ത നിഴൽപോലും ആ കണ്ണുകളിൽ അയാൾ ഒരിക്കലും കണ്ടിട്ടില്ല.

കല്യാണം കഴിഞ്ഞ് വർഷങ്ങൾക്കൊടുവിൽ സീന ജനിച്ച ആ കാലം. അന്ന് കഷ്ടപ്പാടുകളുടെ തീച്ചൂളയായിരുന്നു ജീവിതം. നാട്ടിൽ പേരിനൊരു ചായക്കട. ദാരിദ്ര്യം പിച്ചിച്ചീന്തിയ കീശ. എന്നിട്ടും, രാധ പരാതി പറഞ്ഞില്ല. അന്നത്തെ കഞ്ഞിവെള്ളത്തിന് പോലും അവൾ തൃപ്തിയുടെ മധുരം കലർത്തിയിരുന്നു. വിശപ്പിന്റെ കറുത്ത പാടുകൾ വീണ അവരുടെ ജീവിതത്തിന്മേൽ, രാധയുടെ ചിരി ഒരു നേർത്ത സൂര്യരശ്മി പോലെ വീണുകിടന്നു. അവൾ ഒരു തണൽമരം ആയിരുന്നു. ആ പീളകൾക്കിടയിൽ ഒരു താങ്ങ്.

സീനയെ ഗർഭം ധരിച്ചിരിക്കുമ്പോഴാണ് ആ വഴിത്തിരിവ്. നാട്ടിലെ പള്ളി അച്ഛന്റെ കാരുണ്യം. അഹമ്മദാബാദിലെ സായിപ്പന്മാരുടെ കമ്പനിയിൽ മേസ്തിരിപ്പണി. നല്ല ശമ്പളം.

ജീവിതം മാറിമറിഞ്ഞു. കീറിയ മുണ്ടിന് പകരം പാന്റ്സ് വന്നു. തോളിൽ കിടന്ന തോർത്തിന് പകരം വിലകൂടിയ ഷർട്ടിന്റെ കോളർ ഉയർന്നു. രാഘവന്റെ ലോകം വലുതായി. പക്ഷേ, ആ പുതിയ ലോകത്തിന്, രാധയുടെ ലാളിത്യം 'ഗമ' കുറഞ്ഞ ഒന്നായി തോന്നിത്തുടങ്ങി.

സീനയ്ക്ക് ഏഴ് മാസം പ്രായമുള്ളപ്പോൾ...

അതാണ് ആ ദുരന്തദിനം. പണത്തിന്റെ മദവും പ്രൗഢിയോടുള്ള ആർത്തിയും അയാളെ വഴി തെറ്റിച്ചു. നാട്ടിലെ പ്രമാണിയുടെ മകളും സുന്ദരിയും വലിയ ഗമയുമുള്ളവളുമായ സുമതിയെയും കൂട്ടി രാഘവൻ അഹമ്മദാബാദിലേക്ക് വണ്ടി കയറി. ഇഷ്ടിക അടുക്കിവെച്ച് അയാൾ പുതിയ സൗധം പണിതു. അതിൽ രാധക്കോ, പിച്ചവെച്ചുതുടങ്ങാത്ത സീനക്കോ ഒരിടം കൊടുത്തില്ല. അയാളുടെ ഹൃദയം, പണക്കൊഴുപ്പിന്റെയും ആഡംബരത്തിന്റെയും മഞ്ഞുമലയായി മാറി. സ്നേഹോഷ്മാവ് വറ്റിയ,



കല്ലിനൊത്ത ഒന്ന്.

സുമതിയുടെ കൈയ്കളാൽ അയാൾക്ക് ആഘോഷത്തിന്റെ ദിനങ്ങളായിരുന്നു. സിനിമയും, യാത്രകളും, വിലകൂടിയ വിരുന്നുകളും. അവരടിച്ചുപൊളിച്ച് ജീവിച്ചു. പിന്നെയെന്തിന് പഴയ ചായക്കടയും, കീറിയ മുണ്ടും, മങ്ങിയ കണ്ണുകളുള്ള രാധയേയും ഓർക്കണം? കാലം അയാൾക്കുവേണ്ടി അതിവേഗം ഓടി. ഒരു വാക്ക് പോലും പറയാതെ, ഒരുനോക്ക് പോലും കാണാതെ, രാധയും സീനയും അയാളുടെ ജീവിതത്തിന്റെ പുസ്തകത്തിലെ കീറിപ്പറിഞ്ഞ താളുകളായി മാറി.

വർഷങ്ങൾക്കിപ്പുറം, ഇന്ന്... ആസ്മയുടെ കൂർത്ത നഖങ്ങൾ അയാളുടെ നെഞ്ചിൽ ആഴ്ന്നിറങ്ങുമ്പോൾ, കിടക്കയിൽ തളർന്നു കിടക്കുമ്പോൾ, തണുത്തുറഞ്ഞ തന്റെ മനസ്സാക്ഷി ഉണരുന്നു.

ആൾക്കൂട്ടത്തിനിടയിൽ ഒറ്റപ്പെട്ട്, വിശപ്പിന്റെ തീവ്രതയിൽ വെറും നിലത്ത് കിടന്നുറങ്ങിയ സീനയുടെ ചിത്രം അയാളുടെ കൺമുന്നിൽ തെളിയുന്നു. കൈയ്യിലെ പൈസയെല്ലാം തീർന്ന്, അടുത്ത വീട്ടിലെ കഞ്ഞിവെള്ളത്തിനായി കൈ നീട്ടിയ രാധയുടെ കണ്ണീർ അയാളുടെ നെഞ്ചിൽ ഒരു ആസിഡ് മഴപോലെ പെയ്യുന്നു.

അയാളുടെ ചുണ്ടുകൾ വിറച്ചു. 'ഹൃദയമില്ലാത്തവൻ... ഞാൻ... ഞാൻ ഒരു ഹൃദയമില്ലാത്തവൻ...'

ഇപ്പോൾ, മുറിയിലെ ഇരുട്ട് കനംവെച്ചു. ചുമരിലെ ക്ലോക്കിന്റെ ടിക്-ടോക് ശബ്ദം രാധയുടെയും സീനയുടെയും നെഞ്ചിലെ മിടിപ്പ് പോലെ അയാളെ വേട്ടയാടി. അയാളുടെ കണ്ഠമിടറി. ആസ്തമയുടെ ഇരമ്പലിനൊപ്പം, നെഞ്ചിലെ കല്ലടർന്നുവീഴുന്നതിന്റെ ഭാരം അയാൾ അറിഞ്ഞു.

ഒടുവിൽ, പുറത്തെ ഇരുളിനെ കീറിമുറിച്ച്, ആ മുരൾച്ച വീണ്ടും:

'ഹൃദയമില്ലാത്തവൻ. നീ എന്നും ഹൃദയമില്ലാത്തവൻ!'

അത് രാധയുടെയോ സീനയുടെയോ ശബ്ദമായിരുന്നില്ല. അയാളുടെ ഉള്ളിലെ നീതിബോധം, കാലം അയാളോട് ചോദിക്കുന്ന കണക്കെടുപ്പായിരുന്നു. താൻ തകർത്തുകളഞ്ഞ രണ്ട് ജീവിതങ്ങളുടെ വിലങ്ങുവെച്ച ഓർമ്മകൾ...അത് അയാളുടെ മനസ്സിൽ വേദനയുടെ തീനാളങ്ങൾ ഉയർത്തി.

●

# ലക്ഷ്മണരേഖ

ഉണ്ണി ഭാസുരി



'ഈ ലോകത്ത്, പ്രണയത്തേക്കാൾ വലിയ സത്യം മറ്റെന്തുണ്ട്, ഹരി?' – വിദേശത്ത് നിന്ന് വിളിക്കുമ്പോൾ മീരയുടെ ശബ്ദം ഇടറി.

നാലു വർഷത്തെ തീവ്ര പ്രണയം. എല്ലാ വാഗ്ദാനങ്ങൾക്കും, സ്വപ്നങ്ങൾക്കും ഒരു 'ലക്ഷ്മണരേഖ' ഉണ്ടായിരുന്നു: അവന്റെ അമ്മ. സമ്പന്നനായ, ഒരേയൊരു മകനായ ഹരിയുടെ ജീവിതത്തിൽ, അമ്മയുടെ വാക്കിന് അപ്പുറം ഒരു നിയമമില്ല. അതവൾക്ക് അറിയാമായിരുന്നു. 'അവൾ നമ്മുടെ നിലയ്ക്ക് ചേർന്നവളല്ല,' അമ്മ ഒരുപാട് തവണ ഹരിയെ ഓർമ്മിപ്പിച്ചു. വിദേശത്ത് ഉയർന്ന ജോലി നേടി, നാട്ടിൽ തിരിച്ചെത്തുമ്പോൾ മീരയെ വിവാഹം ചെയ്യാം എന്നായിരുന്നു ഹരിയുടെ വാക്ക്.

എന്നാൽ, കഴിഞ്ഞ ആഴ്ച ഹരി അയച്ച ഒറ്റ വരി സന്ദേശം മീരയുടെ ലോകം തകർത്തു: 'അമ്മയ്ക്ക് എതിർക്കാൻ വയ്യ. ഞാൻ വിവാഹം കഴിക്കുന്നു. നീ... നീ എന്നെ മറക്കണം.'

അവൾക്ക് അത് വിശ്വസിക്കാനായില്ല. അവർ ഒരുമിച്ചു സ്വപ്നം കണ്ട വീട്, കാപ്പി കുടിക്കാൻ പോയ കടകൾ, മഴ നനഞ്ഞ വഴികൾ... എല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതായി. അന്ന് രാത്രി, കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ, അവൾ സ്വന്തമായി ഒരു തീരുമാനം എടുത്തു: അവന്റെ ജീവിതത്തിൽ ഇനി ഒരു 'ലക്ഷ്മണരേഖ' ഞാൻ വരയ്ക്കാൻ പോകുന്നില്ല.

അവളുടെ ഫോണിൽ ഹരിയുടെ വിവാഹക്ഷണക്കത്ത് തെളിഞ്ഞു. അടുത്ത ഞായറാഴ്ച. മീരയുടെ കൂട്ടുകാരികൾ എല്ലാവരും അവനെ ശപിക്കാനും, വിവാഹം മുടക്കാനുമുള്ള പദ്ധതികൾ പറഞ്ഞു. ചിലർ പറഞ്ഞു, 'പന്തലിൽ ചെന്ന് നിന്റെ പ്രണയം വിളിച്ചു പറയണം!' മറ്റ് ചിലർ പറഞ്ഞു, 'അവനെതിരെ കേസ് കൊടുക്കണം.'

മീര ഒന്നും പ്രതികരിച്ചില്ല. അവൾക്ക് ഒരാ

ളെയും വേദനിപ്പിക്കേണ്ടിയിരുന്നില്ല. ഒരുപക്ഷേ, ഹരിക്ക് അവന്റെ അമ്മയുടെ സന്തോഷമാണ് വലുത്. ആ സ്നേഹത്തിന് മുന്നിൽ തന്റെ പ്രണയം നിസ്സാരമായെന്ന് അവൻ കരുതിയിരിക്കാം. ആ ബന്ധത്തെ ബഹുമാനിക്കാതിരിക്കാൻ അവൾക്ക് കഴിഞ്ഞില്ല.

അങ്ങനെ, ഞായറാഴ്ച വന്നു. വിവാഹത്തിന്റെ തലേദിവസം രാത്രി അവൾ ഉറങ്ങിയില്ല. ഒരു വലിയ ശൂന്യത അവളെ വിഴുങ്ങി. നേരം പുലർന്നപ്പോൾ അവൾ എഴുന്നേറ്റു. ഹരിയുടെ കല്യാണത്തിന് പോകുന്നില്ല എന്ന് അവൾ ഉറപ്പിച്ചു. എന്നാൽ, പതിവില്ലാത്ത ഒരു സമാധാനം അവളുടെ മനസ്സിൽ നിറഞ്ഞു. അവൾ ഒരു പുസ്തകമെടുത്തു, തന്റെ പുതിയ ജോലിക്ക് വേണ്ടി ഓൺലൈൻ കോഴ്സ് എടുക്കാൻ തുടങ്ങി. മനസ്സിൽ അവൾ ഹരിക്ക് വേണ്ടി പ്രാർത്ഥിച്ചു, ‘നീ സന്തോഷത്തോടെ ഇരിക്കണം.‘

വിവാഹം കഴിഞ്ഞ് മാസങ്ങൾ കടന്നുപോയി. മീര പുതിയ ജീവിതവുമായി പൊരുത്തപ്പെട്ടു. അവൾക്ക് പ്രമോഷൻ കിട്ടി, ഒരുപാട് യാത്രകൾ ചെയ്തു, പുതിയ സൗഹൃദങ്ങൾ കണ്ടെത്തി. ഹരിയെക്കുറിച്ചുള്ള ഓർമ്മകൾ പതിയെ ഒരു മങ്ങിയ ചിത്രമായി മാറി.

ഒരു ദിവസം, ഒരു സൂപ്പർമാർക്കറ്റിൽ വെച്ച് അവൾ ഹരിയെ കണ്ടു. അവൻ തനിച്ചായിരുന്നു, കയ്യിൽ ഒരുപാട് പലചരക്ക് സാധനങ്ങളുണ്ട്. അവന്റെ മുഖത്ത് ഒരു മ്ലാനതയുണ്ടായിരുന്നു, പഴയ തിളക്കമില്ല. മീരയെ കണ്ടപ്പോൾ അവനൊന്ന് ഞെട്ടി.


‘മീരാ! നിനക്ക്... സുഖമാണോ?‘ അവൻ കയ്യിലുള്ള സാധനങ്ങൾ താഴെ വെച്ച് ചോദിച്ചു.

‘അതെ, ഹരി. എനിക്ക് സുഖമാണ്.‘ അവൾ ചെറുതായി പുഞ്ചിരിച്ചു.

കുറച്ച് നേരം രണ്ടുപേരും ഒന്നും സംസാരിച്ചില്ല. അവസാനം, ഹരി പറഞ്ഞു, ‘മീരാ, സത്യം പറഞ്ഞാൽ, എന്റെ വിവാഹത്തിന് നീ വരാതിരുന്നത് നന്നായി. അന്ന്... അന്ന് ഞാൻ ഭയങ്കരമായ കുറ്റബോധത്തിലായിരുന്നു. ഞാൻ നിനക്ക് വേണ്ടി വരയ്ക്കേണ്ട ’ലക്ഷ്മണരേഖ’ ലംഘിച്ചു. അതുകൊണ്ട് തന്നെ, നിന്റെ സന്തോഷത്തിന് വേണ്ടി എന്റെ ജീവിതത്തിലേക്ക് ഇനിയൊരു ഇടപെടൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് നീ വരാതിരുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.‘


മീര അവനെ നോക്കി. ശാന്തമായി പറഞ്ഞു, ‘ഹരി, പ്രണയത്തിന്റെ ’ലക്ഷ്മണരേഖ’ ഒരു ഭിത്തിയായിരുന്നില്ല, അത് ഒരു വാതിലായിരുന്നു. നീ മറ്റൊരു വഴി തിരഞ്ഞെടുത്തു. ഞാനോ... എന്റെ ലക്ഷ്മണരേഖ ഞാൻ എനിക്കുവേണ്ടിത്തന്നെ വരച്ചു, അത് നിന്റെ ഓർമ്മകളെ എന്റെ സന്തോഷത്തിലേക്ക് കടത്തിവിടില്ല എന്നതായിരുന്നു. എനിക്ക് പൂർണ്ണ സന്തോഷമുണ്ട്.‘

അവൾ തലയാട്ടി, ബിൽ കൗണ്ടറിലേക്ക് നടന്നു. ഹരി അവളെത്തന്നെ നോക്കി നിന്നു. അവന്റെ കണ്ണിൽ ആദ്യമായി അവൾ കണ്ടത് പശ്ചാത്താപമായിരുന്നില്ല, ബഹുമാനമായിരുന്നു. മീര അന്ന് അറിഞ്ഞു, യഥാർത്ഥ ’ലക്ഷ്മണരേഖ’ മറ്റൊരാൾക്ക് ചുറ്റും നമ്മൾ വരയ്ക്കുന്ന നിയന്ത്രണങ്ങളല്ല, മറിച്ച് സ്വയം സംരക്ഷിക്കാൻ നമ്മൾ നിർമ്മിക്കുന്ന ആത്മബലത്തിന്റെ അതിർവരമ്പുകളാണ്.






# പുതിയ വർഷം, പുതിയ ജീവിതം: മാറ്റേണ്ട ശൈലികൾ



ബിനു വെളിയനാടൻ

കാലത്തിന്റെ കലണ്ടറിൽ ഒരു താൾ കൂടി മറിയുമ്പോൾ, അത് വെറുമൊരു തീയതി മാറ്റമല്ല; മറിച്ച് സ്വയം പുതുക്കാനുള്ള വലിയൊരു അവസരമാണ്. പുതുവർഷം എന്നത് പുതിയ തീരുമാനങ്ങളുടെയും (New Year Resolutions) പ്രതീക്ഷകളുടെയും സമയമാണ്. എന്നാൽ, മിക്കപ്പോഴും ജനുവരി പകുതിയോടെ നമ്മുടെ ആവേശം തണുത്തുപോകാറുണ്ട്. ഇതിന് കാരണം നാം ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നുണ്ടെങ്കിലും, നമ്മുടെ ജീവിതശൈലിയിലെ (Lifestyle) അടിസ്ഥാനപരമായ പിഴവുകൾ തിരുത്താൻ മറന്നുപോകുന്നു എന്നതാണ്.

ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കാൻ നാം ആദ്യം ചെയ്യേണ്ടത് നമ്മുടെ ശീലങ്ങളെ പുനർനിർമ്മിക്കുക എന്നതാണ്. വരാനിരിക്കുന്ന വർഷത്തിൽ നാം ഉപേക്ഷിക്കേണ്ടതും തിരുത്തേണ്ടതുമായ ചില പ്രധാന ജീവിതശൈലികളെക്കുറിച്ച് ചിന്തിച്ചാലോ.

***അലസതയും നീട്ടിവെക്കൽ സ്വഭാവവും (Procrastination)***

പലരുടെയും വിജയത്തിന് തടസ്സമാകുന്ന ഏറ്റവും വലിയ ഘടകമാണ് 'നാളെയാകട്ടെ' എന്ന ചിന്ത. മാറ്റിവെക്കപ്പെടുന്ന കാര്യങ്ങൾ പലപ്പോഴും ഒരിക്കലും നടക്കാറില്ല.

ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളുടെ ഒരു പട്ടിക (Todo list) തയ്യാറാക്കുക. ഏറ്റവും പ്രയാസമേറിയ കാര്യം രാവിലെ തന്നെ ചെയ്തുതീർക്കുക. ചെറിയ ചുവടുവെപ്പുകളിലൂടെ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും.

***അമിതമായ സോഷ്യൽ മീഡിയ ഉപയോഗം***

നമ്മുടെ വിലപ്പെട്ട സമയത്തിന്റെ വലിയൊരു ഭാഗം ഇന്ന് കവർന്നെടുക്കുന്നത് സ്മാർട്ട്ഫോണുകളാണ്. മറ്റുള്ളവരുടെ ജീവിതത്തിലെ ആഡംബരങ്ങൾ കണ്ട് സ്വന്തം ജീവിതത്തെ താരതമ്യം ചെയ്യുന്നത് മാനസിക സമ്മർദ്ദത്തിന് കാരണമാകുന്നു.

ഡിജിറ്റൽ ഡിറ്റോക്സ് (Digital Detox) ശീലമാക്കുക. ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പും ഉണർന്നയുടനെയും ഫോൺ ഒഴിവാക്കുക. സോഷ്യൽ മീഡിയയിൽ ചിലവഴിക്കുന്ന സമയം പരിമിതപ്പെടുത്തുക.

***അനാരോഗ്യകരമായ ഭക്ഷണരീതിയും വ്യായാമമില്ലായ്മയും***

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യകരമായ മനസ്സ് ഉണ്ടാവുകയുള്ളൂ. ഫാസ്റ്റ് ഫുഡും ശീതളപാനീയങ്ങളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഇത് ദീർഘകാലാടിസ്ഥാനത്തിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവെക്കും.

വീട്ടിലുണ്ടാക്കുന്ന പോഷകാഹാരങ്ങൾക്ക് മുൻഗണന നൽകുക. ദിവസവും കുറഞ്ഞത് 30 മിനിറ്റ് എങ്കിലും വ്യായാമം ചെയ്യുക. നടത്തം, യോഗ, അല്ലെങ്കിൽ സൈക്ലിംഗ് എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കാം. ധാരാളം വെള്ളം കുടിക്കുന്നത് ശീലമാക്കുക.

***ഉറക്കമില്ലായ്മ***

ജോലിഭാരമോ വിനോദങ്ങളോ കാരണം ഉറക്കം ബലികഴിക്കുന്നത് പുതിയ കാലത്തെ ട്രെൻഡായി മാറിയിട്ടുണ്ട്. എന്നാൽ ഇത് ഓർമ്മശക്തിയെയും ഉന്മേഷത്തെയും ബാധിക്കും.

ദിവസവും 7–8 മണിക്കൂർ സുഖകരമായ ഉറക്കം ഉറപ്പാക്കുക. കൃത്യസമയത്ത് ഉറങ്ങാനും ഉണരാനും ശ്രമിക്കുന്നത് ശരീരത്തിന്റെ ജൈവഘടികാരത്തെ (Biological Clock) ക്രമപ്പെടുത്താൻ സഹായിക്കും.

***അനാവശ്യമായ സാമ്പത്തിക ചിലവുകൾ***

വരവിനേക്കാൾ കൂടുതൽ ചിലവാക്കുന്ന രീതി പലരെയും കടക്കെണിയിലാക്കുന്നു. പരസ്യം കണ്ടോ മറ്റുള്ളവരെ കാണിക്കാനോ വേണ്ടി സാധനങ്ങൾ വാങ്ങിക്കൂട്ടുന്ന ശൈലി മാറ്റണം.

ഒരു മാസത്തെ ബജറ്റ് തയ്യാറാക്കുക. അനാവശ്യ ചിലവുകൾ വെട്ടിക്കുറച്ച് കൃത്യമായ നിക്ഷേപങ്ങൾ (Savings) തുടങ്ങുക. സാമ്പത്തിക അച്ചടക്കം ജീവിതത്തിൽ സമാധാനം നൽകും.

***നെഗറ്റീവ് ചിന്താഗതികളും പരാതി പറയലും***

നമ്മുടെ ചുറ്റുമുള്ള നെഗറ്റീവ് കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പുരോഗതിയെ തടസ്സപ്പെടുത്തും. എപ്പോഴും പരാതികൾ പറയുന്നവർക്ക് ജീവിതത്തിലെ അവസരങ്ങൾ കാണാൻ കഴിയില്ല.

കൃതജ്ഞതാ ബോധം (Gratitude) വളർത്തിയെടുക്കുക. ഓരോ ദിവസവും നിങ്ങളുടെ ജീവിതത്തിലെ നല്ല മൂന്ന് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക. ശുഭാപ്തിവിശ്വാസമുള്ള സുഹൃത്തുക്കളെ കൂടെക്കൂട്ടുക.

***ജീവിതവിജയത്തിനായുള്ള പുതിയ ശീലങ്ങൾ***

മാറ്റേണ്ട ശൈലികളെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ, പുതിയ ചില ശീലങ്ങൾ നാം വളർത്തിയെടുക്കേണ്ടതുണ്ട്.

***വായന വളർത്തുക***

പുസ്തകങ്ങൾ പുതിയ ലോകങ്ങളിലേക്കുള്ള വാതിലുകളാണ്. ദിവസവും കുറച്ചു പേജുകളെങ്കിലും വായിക്കുന്നത് അറിവും ചിന്താശേഷിയും വർദ്ധിപ്പിക്കും.

*നൈപുണ്യ വികസനം (Skill Development)*

ലോകം മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ തൊഴിൽ മേഖലയിലോ താല്പര്യമുള്ള മറ്റ് വിഷയങ്ങളിലോ പുതിയ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുക.

***ബന്ധങ്ങൾ പുതുക്കുക***

തിരക്കുകൾക്കിടയിൽ കുടുംബത്തെയും സുഹൃത്തുക്കളെയും മറന്നുപോകരുത്. അവർക്കായി സമയം കണ്ടെത്തുന്നത് മാനസികോന്മേഷം നൽകും.




***പരിസ്ഥിതി ബോധം***

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, മരം നട്ടുപിടിപ്പിക്കുക തുടങ്ങിയ ചെറിയ കാര്യങ്ങളിലൂടെ ഭൂമിയോടുള്ള നമ്മുടെ കടമ നിറവേറ്റുക.

മാറ്റം എന്നത് പെട്ടെന്ന് സംഭവിക്കുന്ന ഒന്നല്ല. അത് ഒരു പ്രക്രിയയാണ്. ഓരോ ദിവസവും നമ്മൾ സ്വയം മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് യഥാർത്ഥത്തിൽ 'പുതിയ ജീവിതം' ഉണ്ടാകുന്നത്. പരാജയങ്ങളെ ഭയപ്പെടാതെ, വീഴ്ചകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുന്നേറുക. ഈ പുതുവർഷം നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും മികച്ച വർഷമാകട്ടെ. പഴയ ദുശ്ശീലങ്ങളെ പടികടത്തി, പുതിയ പ്രതീക്ഷകളോടെ നമുക്ക് യാത്ര തുടങ്ങാം. ■




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***


**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**ജോഷ് വിൻ .എൻ.ജെ**
2 A
**കൊട്ടേക്കാട് CBPS സ്കൂൾ**




**ഭഗവത് ദേവ്**
**6.സി**
**വാണിവിലാസം സ്കൂൾ പാടൂർ**



**എംറിൻ റോസ് N. J**
**5 ക്ലാസ്**
**സേക്രഡ് ഹാർട്ട്സ്കൂൾ, തൃശൂർ**

# പൊട്ടാത്ത പടക്കം

ഒരു ദിവസം മിക്കു കുറുക്കൻ നടന്നു വരികയായിരുന്നു. വഴിയരികിൽ എന്തോ തിളങ്ങുന്നു, വേഗം ചെന്ന് നോക്കി.
ഒരു പടക്കം.. അവൻ വേഗം അത് കൈയിലെടുത്തു നടന്നു. വഴിയിൽ മിന്നു കിളിയെ കു.. ദാ ഇതു കാേ .. മിക്കു അത് പകുതി കത്തിയ പടക്കമാണ് ദാ ഇനീം തീപ്പൊരി വരുന്നു് ദൂരെക്ക് എറിയൂ.. ഓ പിന്നെ ഇതോ ഇത് പൊട്ടാത്ത പടക്കമാ ദാ നോക്ക്.. മിക്കു കൈയിൽ വച്ചു കാട്ടി.. ചൂട് തട്ടിയതും പ്ഠേ എന്ന ശബ്ദത്തോടെ അത് പൊട്ടി. അയ്യോ എന്റെ കൈ പൊള്ളിയേ.. എനിക്കിനി പൊട്ടുന്നതായാലും പൊട്ടാത്തതായാലും പടക്കം വേ.... കരഞ്ഞുകൊ് അവൻ ഓടി.

**ദ്വിവിക് വർമ്മ സി.കെ**
2 A
ANMMUPS തളി

# കൈനീട്ടം

അമ്മതൻ കൈനീട്ടം
സ്നേഹമായി പകർന്നു തരുമ്പോൾ
കണ്ണുനീരായി എൻ സ്നേഹവും

**ആരാധ്യ വർമ്മ സി.കെ**
6 A
ANMMUPS തളി





അനൂധ സജീവ്
ക്ലാസ് – 10
കമല നെഹ്റു മെമ്മോറിയൽ ഹൈസ്ക്കൂൾ



സാത്വിക് കൃഷ്ണ ടി എൻ
യുകെജി
ഉദയ നഴ്സറി സ്കൂൾ
വെളപ്പായ







ആര്യനന്ദ കെ.പി
ക്ലാസ്സ് 9
ജീവി എച്ച് എസ് എസ് വട്ടേനാട്



**SOURAV. MK**
5th standerd
Sree Vyasa Vidhya Niketan
Puzhakkara, Eramangalam





**GAYATHRI .K.M**
B.s.s .Gurukulam
Alathur
4th.c






ദേവാനന്ദ് എം എസ്., Plus One
സി എം ജി എച്ച് എസ് കുറ്റൂർ.